കേരള സർക്കാർ

നവകേരളം കർമപദ്ധതി

ഹരിതകേരളം മിഷൻ

വെള്ളം വൃത്തി വിളവ്

# ഹരിതകേരളം മിഷൻ
# പച്ചപ്പിലേക്കൊരു ജനകീയ പാത

# ഹരിതകേരളം മിഷൻ
## പച്ചപ്പിലേക്കൊരു ജനകീയ പാത

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ
നവകേരളം കർമപദ്ധതി
വൈസ് ചെയർപേഴ്സൺ
ഹരിതകേരളം മിഷൻ

നിർവഹണം
**ടീം ഹരിതകേരളം മിഷൻ**

ഏകോപനം
**ബി. മനോജ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ

കവർ, ലേഔട്ട്
**ഫൗസിയ പി.എ.**

ടൈപ്പ് സെറ്റിംഗ്
**രജനി വി.എസ്.**

പ്രസിദ്ധീകരണം
**ഹരിതകേരളം മിഷൻ**
ഉപ്പളം റോഡ്, സ്റ്റാച്യു
തിരുവനന്തപുരം 1

ഫോൺ
0471 2449939

ഇ-മെയിൽ
navakeralamgok@gmail.com
www.haritham.kerala.gov.in

അച്ചടി
**ഗ്രാമലക്ഷ്മി മുദ്രാലയം**

കോപ്പികൾ : 2000

**ഫെബ്രുവരി 2026**



കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

നം.221/പ്രസ്/സി.എം.ഒ./26

21 ഫെബ്രുവരി, 2026

# സന്ദേശം

ശാസ്ത്രീയമായ പാരിസ്ഥിതിക പരിപ്രേക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ ഹരിതകേരളം മിഷന് രൂപം നൽകിയത്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധത്തെ കാലാനുസൃതമായി പുനഃസ്ഥാപിക്കുക എന്നതാണ് ഇതിന്റെ കാതൽ. മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കാണുന്ന വികസന സമീപനമാണ് സർക്കാർ മുന്നോട്ടു വയ്ക്കുന്നത്.

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രക്രിയകളെ ജനകീയമാക്കി മാറ്റിയത് ഹരിതകേരളം മിഷനാണ്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് സംസ്ഥാനത്ത് ശ്രദ്ധേയമായ മാറ്റങ്ങളാണ് മിഷൻ സൃഷ്ടിച്ചത്. പ്രായോഗിക പ്രവർത്തനങ്ങളിലൂടെ സുസ്ഥിര വികസനം സാധ്യമാക്കാൻ മിഷൻ നടത്തിയ ശ്രമങ്ങളെ അപഗ്രഥിച്ചും നേട്ടങ്ങൾ വിലയിരുത്തിയും ഭാവി പ്രവർത്തനങ്ങളുടെ ആസൂത്രണം വിഷയമാക്കിയും ഹരിതകേരളം മിഷൻ തയ്യാറാക്കിയ ഈ പുസ്തകം നവകേരള നിർമ്മിതിക്ക് ഊർജ്ജം പകരുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

സുസ്ഥിര പ്രകൃതി സൗഹൃദ വികസനമാണ് സംസ്ഥാനത്തിന്റെ നയം. ഭൂമിയും മണ്ണും വായുവും ജലവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ് ലക്ഷ്യം. കേരളത്തിന്റെ പാരിസ്ഥിതിക സമനില വീണ്ടെടുക്കുന്നതിൽ സുപ്രധാനമാണ് സുസ്ഥിര വികസന പരിപ്രേക്ഷ്യം. 2016 ൽ ഹരിതകേരളം മിഷന് രൂപം നൽകിയത് പാരിസ്ഥിതിക രംഗത്തെ സുസ്ഥിര ഇടപെടൽ ലക്ഷ്യമിട്ടാണ്. പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾക്കായി ഹരിതകേരളം മിഷൻ പോലൊരു മിഷൻ സംവിധാനം പ്രവർത്തിക്കുന്ന രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. ജലസ്രോതസ്സുകളുടെ സംരക്ഷണം, ശാസ്ത്രീയ മാലിന്യ സംസ്കരണം, ജൈവവൈവിധ്യ സംരക്ഷണം തുടങ്ങിയ സുപ്രധാന പാരിസ്ഥിതിക ഉത്തരവാദിത്തങ്ങൾ ഈ മിഷൻ നിർവഹിച്ചു വരികയാണ്. കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പുതിയ വെല്ലുവിളികളെ പ്രതിരോധിക്കുന്നതിന് പ്രാദേശിക തലം മുതലുള്ള വിപുലമായ ഇടപെടലുകളായാണ് ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

പരിസ്ഥിതിയുടെ ശാസ്ത്രവും സംരക്ഷണവും മുൻനിർത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളെ അണിനിരത്തിയുള്ള പ്രവർത്തനങ്ങളാണ് ഹരിതകേരളം മിഷൻ നിർവഹിക്കുന്നത്. പരിസ്ഥിതിയുമായുള്ള സന്തുലന സമ്പർക്കം

ഒരു വ്യക്തിയുടെ മാത്രം ആവശ്യമല്ല, സമൂഹത്തിന്റെ കടമയാണെന്ന ബോധ്യമാണ് പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ മിഷനെ പ്രേരിപ്പിക്കുന്നത്. പാരിസ്ഥിതിക ഉത്ത രവാദിത്തത്തിന്റെ സംസ്കാരം വളർത്തിയെടുക്കാനുതകുന്ന ഒട്ടേറെ ജനകീയ പരിപാടികൾ ഹരിതകേരളം മിഷൻ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്.

സുസ്ഥിര വികസനം നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകങ്ങളിൽ പ്രധാനമാണ് പരിസ്ഥിതി പുനഃസ്ഥാപനവും പ്രകൃതി സംരക്ഷണവും. മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവ ബന്ധം പോലെ തന്നെ അഭേദ്യമാണ് സമ്പദ് വ്യവസ്ഥയും പ്രകൃതി വിഭവങ്ങളും തമ്മിലുള്ള ബന്ധവും. മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കാണുന്ന, പരിസ്ഥിതിയും വികസനവും സന്തു ലിതമാകുന്ന വികസന സമീപനമാണ് സർക്കാർ മുന്നോട്ടു വയ്ക്കുന്നത്. ഈ രീതി ശാസ്ത്രമാണ് ഹരിതകേരളം മിഷനും അനുവർത്തിക്കുന്നത്.

പ്രതിസന്ധികൾ പലതും അതിജീവിച്ചു മുന്നേറിയെങ്കിലും ആധുനിക സമൂഹമെന്ന നിലയിൽ നാം നേരിടുന്ന ചില സാമൂഹിക-പാരിസ്ഥിതിക പ്രശ്നങ്ങളെ കാണാതിരിക്കാനാവില്ല. ശുചിത്വവും മാലിന്യ സംസ്കരണവും, കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളും, നെറ്റ് സീറോ എമിഷൻ അഥവാ കാർബൺ ന്യൂട്രൽ സ്ഥിതിയിലേക്കെത്തേണ്ടതിന്റെ ആവശ്യകത, ജലാശയങ്ങളിൽ ശുദ്ധജലം, സ്വച്ഛമായൊഴുകുന്ന നീർച്ചാലുകളും പുഴകളും, പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ തുടങ്ങിയവ ഇതിൽ പ്രധാനമാണ്. ഈ വിഷയങ്ങളെ ശാസ്ത്രീയവും ജനകീയവുമായ മാർഗങ്ങ ളിലൂടെ അഭിസംബോധന ചെയ്തുകൊണ്ട് ഹരിതകേരളം മിഷൻ നടത്തിയ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലേക്ക് മുന്നോട്ട് നയിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായകരമായ രീതിയിലാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ
നവകേരളം കർമപദ്ധതി

# ഉള്ളടക്കം


1. ഹരിതകേരളം മിഷൻ.................................................. 07
2. ഹരിതകേരളം മിഷൻ : ഘടന................................ 13
3. ഹരിതകേരളം മിഷൻ : ലക്ഷ്യങ്ങൾ...................... 18
4. ഹരിതകേരളം മിഷൻ : പ്രവർത്തനങ്ങൾ.......... 24
5. പ്രധാനപ്പെട്ട ക്യാമ്പയിനുകൾ.................................. 30
6. ജനപങ്കാളിത്തം................................................................ 41
7. ഹരിതകരളം മിഷൻ പ്രവർത്തന നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ................................................................ 45
8. ഹരിതകേരളം : ഭാവി പരിപ്രേക്ഷ്യം............................. 58



1

# ഹരിതകേരളം മിഷൻ

സർവതല സ്പർശിയായ വികസന പ്രവർത്തനങ്ങളിലൂടെ നവകേരള നിർമ്മിതിക്കായി സംസ്ഥാന സർക്കാർ രൂപം നൽകിയ നാല് മിഷനുകളിൽ ഒന്നാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും ജലസുരക്ഷയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനവും ലക്ഷ്യമിട്ട് 2016 ഡിസംബർ എട്ടിനാണ് ഹരിതകേരളം മിഷൻ പ്രവർത്തനമാരംഭിച്ചത്. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഇതിനകം ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. വെള്ളം, വൃത്തി, വിളവ് എന്ന സവിശേഷ മുദ്രാവാക്യത്തിൽ തന്നെ മിഷന്റെ ലക്ഷ്യങ്ങൾ വ്യക്തമാണ്.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവബന്ധത്തെ കാലാനുസൃതമായി പുനഃസ്ഥാപിക്കുന്നതിനുള്ള ഇടപെടലുകളാണ് ഹരിതകേരളം മിഷനിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. പരിസ്ഥിതി പുനഃസ്ഥാപനത്തിനുള്ള പ്രവർത്തനങ്ങൾ പരിസ്ഥിതിയുടെ രാഷ്ട്രീയം കൂടി മനസ്സിലാക്കി വേണം നിർവ്വഹിക്കേണ്ടതെന്ന കാഴ്ചപ്പാടോടെയാണ് ഹരിതകേരളം മിഷൻ ഇത് നിർവഹിക്കുന്നത്. കൃഷിയുൾപ്പെടെ പ്രകൃതിയെ പരിവർത്തിപ്പിക്കുന്ന എല്ലാ നടപടികളും പ്രകൃതിയെ പരിപാലിക്കും വിധമായിരിക്കണം. കാരണം ഋതുക്കളും കാലാവസ്ഥയും

നോക്കി കൃഷിയിറക്കുന്ന കാലത്തെയല്ല നാം ഇപ്പോൾ അഭിമുഖീകരിക്കുന്നത്. അതുകൊണ്ടുതന്നെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങളെ സാമൂഹ്യ പ്രതിബദ്ധതയോടെ വേണം നേരിടേണ്ടത്.

കേരളത്തിന്റെ പരിസ്ഥിതിയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന കുന്നുകളും കാടും കായലും പുഴകളും നീർച്ചാലുകളും ചതുപ്പുകളും വയലുകളും നശിക്കാതെ പുനരുജ്ജീവിപ്പിച്ചു സംരക്ഷിക്കാനാണ് ഹരിതകേരളം മിഷനിലൂടെ ശ്രമിക്കുന്നത്.

ഹരിതഗൃഹ വാതകങ്ങളുടെ സ്വാധീനവും കാലാവസ്ഥ വ്യതിയാനവും അന്തരീക്ഷ ഊഷ്മാവ് ഉയരുന്നതും ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയാവുകയാണ്. ഭൂമിയിലെ ചെറിയ ഒരു ആവാസവ്യവസ്ഥ തകർന്നാൽ പോലും അത് ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. പരിസ്ഥിതിയുടെ സ്വാഭാവിക ആവാസവ്യവസ്ഥ തകരുമ്പോൾ നമ്മുടെ തനത് വിഭവങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. അതിനാൽ ഇത്തരം സൂക്ഷ്മാംശങ്ങൾ പോലും ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്. പരിസ്ഥിതി പുനഃസ്ഥാപനം കേരളത്തിന്റെ മുൻഗണനാ മേഖലയാണ്.



നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ, പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കിയുള്ള പച്ചത്തുരുത്തുകൾ, ഇനി ഞാൻ ഒഴുകട്ടെ ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ, മാലിന്യ പരിപാലന രംഗത്തെ നൂതന പ്രവർത്തനങ്ങൾ തുടങ്ങി ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും നേരിട്ടും നടന്നുവരുന്ന പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ സംസ്ഥാനത്ത് ഇപ്പോൾ പ്രകടമാണ്.

പരിസ്ഥിതി പുനഃസ്ഥാപനത്തിൽ ജലമേഖലയുടെ പങ്ക് നിർണായകമാണ്. ടൂറിസം, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം തീർത്ഥാടനം, വ്യവസായം തുടങ്ങിയ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കൊപ്പം ജലത്തിന്റെ ആവശ്യവും കേരളത്തിൽ വർദ്ധിക്കുകയാണ്. സംസ്ഥാനത്ത് 2031 ൽ 47800 ദശലക്ഷം ഘനമീറ്റർ ജലം ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. ജല ലഭ്യത കുറയുന്നത് പരിസ്ഥിതി മേഖലയെയും ദുർബല ജനവിഭാഗങ്ങളെയുമാണ് ബാധിക്കുന്നത്. ഈ സ്ഥിതി മുന്നിൽക്കണ്ട് കേരളത്തിന്റെ വികസന മുന്നേറ്റത്തിന് ജല മേഖലയുടെ പിന്തുണ ഉറപ്പാ ക്കുന്ന സമീപന രേഖ ഹരിതകേരളം മിഷൻ മുന്നോട്ടു വയ്ക്കുകയാണ്. ജല സംരക്ഷണം, ജല വിഭവ പരിപാലനം, ജലസ്രോതസ്സുകളുടെ വീണ്ടെടുക്കൽ, ജലഗുണത, ഭാവിയിലേക്ക് ആവശ്യമായി വരുന്ന നയപരമായ തീരുമാനങ്ങൾ തുടങ്ങിയവ ഈ സമീപന രേഖയിലെ സുപ്രധാന വിഷയങ്ങളാണ്. ആധുനിക സാങ്കേതികവിദ്യകളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള ജലവിഭവ പരിപാലനം പ്രതിപാദിക്കുന്ന ഈ രേഖ നവകേരള സൃഷ്ടിയിലെ




സുപ്രധാന ഘടകമായി വർത്തിക്കും.

കേരളത്തിന്റെ കാർഷിക സംസ്കാരവും പച്ചപ്പും തിരിച്ചു പിടിക്കാൻ പ്രകൃതി സംരക്ഷണത്തിൽ ഊന്നിയുള്ള വികസന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാരിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ നടന്നു വരുന്നത്. രാജ്യമൊട്ടാകെ അനുകരിക്കേണ്ട രീതി ശാസ്ത്രമാണ് ഇതിനായി അനുവർത്തിച്ചു വരുന്നത്. കാരണം ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്കുള്ള പ്രയാണത്തിൽ സുപ്രധാനമാണല്ലോ പരിസ്ഥിതി.

ജലസംരക്ഷണം, ശുചിത്വ-മാലിന്യസംസ്കരണം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് ഉപമിഷനുകൾ ചേർന്നതാണ് ഹരിതകേരളം മിഷൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ പ്രായോഗികതലത്തിൽ നടക്കുന്നത്. വിവിധ വകുപ്പുകളെയും ഏജൻസികളെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന ഏകോപന സഹായ സംവിധാനമായാണ് പ്രധാനമായും ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്.

# ഉപമിഷനുകൾ

## മണ്ണ് - ജലസംരക്ഷണം (ജലസമൃദ്ധി)

ലഭിക്കുന്ന മഴയുടെ അളവ് പരിഗണിച്ചാൽ ജലസമൃദ്ധമായ നാടാണ് കേരളം. എന്നാൽ വർഷത്തിൽ 3 മാസത്തിലധികം കൊടുംവരൾച്ചയും ജലക്ഷാമവും നേരിടുന്ന സ്ഥിതിയാണ് സംസ്ഥാനത്തിന്റെ മിക്ക ഭാഗങ്ങളിലും ഉള്ളത്. ലഭ്യമായ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതിന്റെ പ്രശ്നം ഇതോടൊപ്പം നിലനിൽക്കുന്നു. കൃഷിക്കും കുടിവെള്ളത്തിനുമുൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന പല ജലസ്രോതസ്സുകളും ഉപയോഗ ശൂന്യമായി നശിക്കുന്ന സ്ഥിതിയും നിലവിലുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്തി കേരളത്തിന്റെ ജലസുരക്ഷ ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷനിലെ ജലസംരക്ഷണ ഉപമിഷൻ പ്രവർത്തിക്കുന്നത്.

സംയോജിത നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക, ജലമിത ഉപയോഗത്തിലും മലിനജല പുനരുപയോഗ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലും ഊന്നിയ ജലവിനിയോഗ സംസ്കാരം





വളർത്തിയെടുക്കുക, ഭാവിയെക്കൂടി മുന്നിൽക്കണ്ടുകൊണ്ടുള്ള ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പാക്കുക, നിലവിലുള്ള ജലസ്രോതസ്സുകളെ ശുദ്ധീകരിച്ചും നവീകരിച്ചും പരിപാലിക്കുക തുടങ്ങിയവയെല്ലാമാണ് ഈ ഉപമിഷന്റെ പ്രധാന ലക്ഷ്യങ്ങളായി നിർവ്വചിച്ചിട്ടുള്ളത്.

ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കൽ, കിണർ റീചാർജിംഗ്, ക്വാറികളിലെ ജലസംഭരണികളെ പ്രയോജനപ്പെടുത്തൽ, ഭൂജല പോഷണം വഴി പരമാവധി വെള്ളം മണ്ണിലേക്ക് ഇറക്കൽ, ജല മലിനീകരണത്തിനെതിരെയുള്ള നിയമനടപടികൾ കർശനമായി നടപ്പാക്കൽ, ജല ഓഡിറ്റിംഗും ജല ബജറ്റിംഗും വഴി ജല സുരക്ഷ ഉറപ്പാക്കൽ, ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളൊരുക്കൽ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടുന്നതിനായി നടപ്പിലാക്കി വരുന്നു.

കഴിഞ്ഞ 9 വർഷക്കാലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികൂടി പ്രയോജനപ്പെടുത്തി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഭാഗമായി വലിയ മാറ്റം ദൃശ്യമായി തുടങ്ങിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ തുടർച്ച നഷ്ടപ്പെടാതെ മുന്നോട്ടു പോയാൽ കേരളത്തിന്റെ ജല

സുഭിക്ഷതയുടെ പഴയകാലത്തെ തിരിച്ചു കൊണ്ടുവരാനാകും.

## ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ

വ്യക്തി ശുചിത്വത്തിൽ പുലർത്തുന്ന ജാഗ്രത പൊതു ശുചിത്വത്തിൽ പുലർത്താത്ത സ്ഥിതി കേരളം ഏറെക്കാലമായി നേരിടുന്ന ഒരു പ്രശ്നമാണ്. അതിവേഗം നഗരവത്കരണം നടന്നുകൊണ്ടിരിക്കുന്ന പ്രദേശമായതിനാലുള്ള സ്ഥലപരിമിതി, ഈർപ്പം കൂടുതലുള്ള അന്തരീക്ഷസ്ഥിതി തുടങ്ങി മാലിന്യ പ്രശ്നത്തെ രൂക്ഷമാക്കാനിടയുള്ള ഒട്ടേറെ സാഹചര്യങ്ങൾ കേരളത്തിൽ നിലവിലുണ്ട്. മാലിന്യം രൂപപ്പെടുന്ന സ്ഥലം മുതൽ സുരക്ഷിതമായി സംസ്കരിക്കപ്പെടുന്ന സ്ഥലം വരെയുള്ള പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാവൂ. ഇതിനായാണ് ഹരിതകേരളം മിഷനിലെ ശുചിത്വ മാലിന്യസംസ്കരണ ഉപമിഷൻ പ്രവർത്തിക്കുന്നത്. ഈ ഉപമിഷന്റെ സാങ്കേതിക വിഭാഗമായാണ് ശുചിത്വമിഷൻ പ്രവർത്തിക്കുന്നത്. മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്ന് ലഭ്യമാക്കും.



മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പൗരബോധം വളർത്തൽ, മാലിന്യത്തിന്റെ അളവ് കുറയ്ക്കലും രൂപപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി തരംതിരിച്ച് സുരക്ഷിതമായി സംസ്കരിക്കലും ഉൾപ്പെടെയുള്ള മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കൽ, സങ്കീർണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കൽ തുടങ്ങിയവയെല്ലാമാണ് ഈ ഉപമിഷന്റെ പ്രധാന ലക്ഷ്യങ്ങളായി നിശ്ചയിച്ചിട്ടുള്ളത്.

ജൈവ മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള വികേന്ദ്രീകൃത സംവിധാനങ്ങൾ നടപ്പിലാക്കൽ, അജൈവ മാലിന്യങ്ങളെ വൃത്തിയാക്കി തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണത്തിന് കൈമാറൽ, ദ്രവമാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളൊരുക്കൽ, വലിച്ചെറിയലും കത്തിക്കലും ഒഴുക്കിവിടലും ഉൾപ്പെടെയുള്ള മലിനീകരണ പ്രവർത്തനങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കൽ, ജൈവമാലിന്യ പരിപാലനത്തിൽ ഹരിതപെരുമാറ്റച്ചട്ടം (ഗ്രീൻ പ്രോട്ടോക്കോൾ) വ്യാപകമാക്കൽ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ മേൽസൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടാനായി നടപ്പിലാക്കി വരുന്നുണ്ട്.





കേരളത്തെ ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് വലിയ ചുവടുവയ്പ്പ് നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്.

## കൃഷി ഉപമിഷൻ : പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം

ജൈവ കൃഷിയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി വികസനത്തിലൂടെ സുരക്ഷിത ഭക്ഷണം സ്വയംപര്യാപ്തമായ രീതിയിൽ ഉൽപ്പാദിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾക്കായാണ് ഹരിതകേരളം മിഷന്റെ കൃഷി ഉപമിഷൻ രൂപീകരിച്ചിട്ടുള്ളത്.

പച്ചക്കറിയിലും നെല്ലിലും പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടുക, ജൈവമാലിന്യത്തിൽ നിന്നും ഉൽപ്പാദിക്കുന്ന വളം ഉപയോഗിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, തരിശു കിടക്കുന്ന മുഴുവൻ പ്രദേശങ്ങളിലും കൃഷി വ്യാപിപ്പിക്കുക, വിപണി സംവിധാനം പരിഷ്കരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ ഉപമിഷന് നിശ്ചയിച്ചിട്ടുള്ളത്.

നെൽകൃഷി വ്യാപ്തി 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കൽ, തരിശ് രഹിത ഗ്രാമങ്ങൾ സൃഷ്ടിക്കൽ, ഹരിത സമൃദ്ധി വാർഡുകൾ സൃഷ്ടിക്കൽ, സഹകരണ മേഖലയുമായി സംയോജിച്ചുള്ള കൃഷി വ്യാപനം, വ്യവസായ സ്ഥാപനങ്ങൾ,



ആരാധനാലയങ്ങൾ എന്നിവയുമായി സഹകരിച്ച് കൃഷി വ്യാപിപ്പിക്കൽ, കാർഷിക മേഖലയിൽ നവീന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തൽ, കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും അതിന്റെ വിപണി വർദ്ധിപ്പിക്കലും തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ മേൽസൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

# 2

## ഹരിതകേരളം മിഷൻ : ഘടന

നവകേരള നിർമ്മിതിക്കായി സംസ്ഥാന സർക്കാർ രൂപം നൽകിയ നവകേരളം കർമപദ്ധതി 2 ലെ സുപ്രധാന മിഷനാണ് ഹരിതകേരളം മിഷൻ. മുഖ്യമന്ത്രിയാണ് നവകേരളം കർമപദ്ധതിയുടെ അധ്യക്ഷൻ. ജലസംരക്ഷണം, ശുചിത്വവും മാലിന്യ സംസ്കരണവും, കൃഷി എന്നിവയുമായി ബന്ധപ്പെട്ട മൂന്നു ഉപമിഷനുകൾ ചേർന്നതാണ് ഹരിതകേരളം മിഷൻ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ മുഖ്യമായും നടക്കുന്നത്. സംസ്ഥാന, ജില്ലാ, തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ മിഷൻ സംവിധാനമുണ്ട്.

ഹരിതകേരളം മിഷന്റെ സംസ്ഥാന കർമസമിതി അധ്യക്ഷൻ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയാണ്. കൃഷി, ജലവിഭവ വകുപ്പ് മന്ത്രിമാർ സഹാധ്യക്ഷന്മാരാണ്. നവകേരളം കർമപദ്ധതി 2 സംസ്ഥാന കോർഡിനേറ്ററാണ് ഹരിതകേരളം മിഷൻ ഉപാധ്യക്ഷ.

ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ ആണ് ഹരിതകേരളം മിഷൻ ജില്ലാതല അധ്യക്ഷൻ മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷൻ അധ്യക്ഷർ മേയർ/മുനിസിപ്പൽ ചെയർപേഴ്സൺ ആണ്. ഗ്രാമപഞ്ചായത്തുതലത്തിൽ മിഷന്റെ അധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.

വിവിധ വകുപ്പുകളേയും ഏജൻസികളേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന സഹായക ഏകോപന സംവിധാനമായാണ് ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. ഇതിനായി സംസ്ഥാനതല ഓഫീസിനു പുറമേ ജില്ലാതലത്തിൽ ഒരു കോർഡിനേറ്ററും ബ്ലോക്ക്/നഗരസഭതല ചുമതലയുള്ള റിസോഴ്സ് പേഴ്സൺമാരും/കോർഡിനേറ്റർമാരും നിലവിലുണ്ട്.

## ഹരിതകേരളം മിഷൻ - സംസ്ഥാന കർമ്മസമിതി

അധ്യക്ഷൻ : തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
സഹാധ്യക്ഷന്മാർ : കൃഷി, ജലവിഭവ വകുപ്പ് മന്ത്രിമാർ
ഉപാധ്യക്ഷൻ : കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
സെക്രട്ടറി : തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ്സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി
കൺവീനർ : അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

## അംഗങ്ങൾ

കൃഷി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർ
ഡയറക്ടർ, ആരോഗ്യ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടർ, സോയിൽ സർവ്വേ&സോയിൽ കൺസർവേഷൻ
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്
ഡയറക്ടർ, ഫിഷറീസ് വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണം
ഡയറക്ടർ, ക്ഷീരവികസനം
ഡയറക്ടർ, ടൂറിസം
ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം വകുപ്പ്
ഡയറക്ടർ, ഭൂജലവകുപ്പ്
മിഷൻ ഡയറക്ടർ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ
മാനേജിംഗ് ഡയറക്ടർ, വി.എഫ്.പി.സി.കെ.
മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി.സി.
മാനേജിംഗ് ഡയറക്ടർ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡബ്ല്യൂ.എസ്.എ.

ഡയറക്ടർ, സി.ഡബ്ല്യൂ.ആർ.ഡി.എം.
മാനേജിംഗ് ഡയറക്ടർ, ക്ലീൻകേരള കമ്പനി
ഗ്രാമവികസന കമ്മീഷണർ
ലാന്റ്യൂസ് ബോർഡ് കമ്മീഷണർ
മാനേജിംഗ് ഡയറക്ടർ, കേരള ജല അതോറിറ്റി
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ വകുപ്പ് ഡയറക്ടർ
ചെയർമാൻ, മലിനീകരണ നിയന്ത്രണ ബോർഡ്
ചീഫ്എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ്എഞ്ചിനീയർ, ജലസേചന വകുപ്പ്
മുഖ്യ വനപാലകൻ (ഫാം ഫോറസ്ട്രി &സോഷ്യൽഫോറസ്ട്രി)
ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
ചീഫ്, കൃഷിവിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്
സ്റ്റേറ്റ് നോഡൽഓഫീസർ, ആത്മ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

## ജില്ലാ മിഷൻ

അധ്യക്ഷൻ : ചെയർപേഴ്സൺ, ജില്ലാആസൂത്രണ സമിതി
സെക്രട്ടറി : ജില്ലാ കളക്ടർ& മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി
കൺവീനർ : ജില്ലാ കോർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2

## അംഗങ്ങൾ

ജില്ലയിൽ നിന്നുള്ള ലോക്സഭാംഗങ്ങൾ
രാജ്യസഭാ എം.പി.മാർ (നോഡൽ ജില്ലകളിൽ)
ജില്ലയിൽ നിന്നുള്ള എം.എൽ.എ.മാർ
മേയർ
മുൻസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് ചെയർമാന്മാർ
ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും
ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷൻ ജില്ലാ പ്രസിഡന്റും സെക്രട്ടറിയും
ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
ജില്ലാ ആസൂത്രണ സമിതിയുടെ സർക്കാർ നോമിനി
ജില്ലാ വികസന കമ്മീഷണർ
ജില്ലാ പ്ലാനിംഗ് ഓഫീസർ
പ്രിൻസിപ്പൽ കൃഷിഓഫീസർ
ജോയിന്റ് പ്രോഗ്രാംകോ-ഓർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.
ജില്ലയിലെ സീനിയർ എഞ്ചിനീയർ, ജലസേചനം

ജില്ലാ കോ-ഓർഡിനേറ്റർ, ശുചിത്വമിഷൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ മെഡിക്കൽ ഓഫീസർ (മോഡേൺ മെഡിസിൻ)
ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയചികിത്സാവകുപ്പ്)
ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)
ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കണ്ടറി വിദ്യാഭ്യാസം
അസിസ്റ്റന്റ് ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം
പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം
അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
ജോയിന്റ്കൺവീനർ : നോഡൽഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്

## മുൻസിപാലിറ്റി / കോർപ്പറേഷൻതല മിഷൻ

അധ്യക്ഷൻ : മേയർ / മുൻസിപ്പൽ ചെയർപേഴ്സൺ
സെക്രട്ടറി : മുൻസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറി
കൺവീനർ : നോഡൽ ഓഫീസർ

## അംഗങ്ങൾ

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളും
ആസൂത്രണ സമിതി വൈസ്ചെയർപേഴ്സൺ
സി.ഡി.എസ്സുകളുടെ ചെയർപേഴ്സൺമാർ
ഡി.ഇ.ഒ.
കൺവീനർ, മുൻസിപ്പൽ / കോർപ്പറേഷൻ വിദ്യാഭ്യാസസമിതി
ഐ.സി.ഡി.എസ്. സൂപ്പർവൈസർ / അസിസ്റ്റന്റ് സി.ഡി.പി.ഒ. / സി.ഡി.പി.ഒ.
വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ്ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യനിർമ്മാർജ്ജനം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)

## ഗ്രാമപഞ്ചായത്തുതല മിഷൻ

അധ്യക്ഷൻ : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
സെക്രട്ടറി : ഗ്രാമപഞ്ചായത്ത് സെക്രട്ടറി
കൺവീനർ : നോഡൽ ഓഫീസർ

## അംഗങ്ങൾ

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജില്ലാ / ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ
എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും
ആസൂത്രണ സമിതി ചെയർപേഴ്സൺ
സി.ഡി.എസ്സുകളുടെ ചെയർപേഴ്സൺമാർ
കൺവീനർ, ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സമിതി
ഐ.സി.ഡി.എസ്. സൂപ്പർവൈസർ/ അസിസ്റ്റന്റ് സി.ഡി.പി.ഒ./സി.ഡി.പി.ഒ.
വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ ചെയർപേഴ്സൺമാരും വൈസ്ചെയർപേഴ്സൺമാരും കൺവീനർമാരും (കൃഷി, ദാരിദ്ര്യനിർമ്മാർജ്ജനം, പാർപ്പിടം, ആരോഗ്യം, കുടിവെള്ളം, ശുചിത്വം, വിദ്യാഭ്യാസം)

3

# ഹരിതകേരളം മിഷൻ : ലക്ഷ്യങ്ങൾ

നവകേരള സൃഷ്ടിയുടെ ഭാഗമായി പരിസ്ഥിതി സൗഹൃദ കേരളം സൃഷ്ടിക്കുകയാണ് ഹരിതകേരളം മിഷന്റെ പ്രധാന ലക്ഷ്യം. കേരളത്തെ കൂടുതൽ ഹരിതാഭവും ശുചിത്വപൂർണ്ണവുമാക്കി മാറ്റുന്നതിലൂടെ കേരളത്തിന്റെ പ്രകൃതിയെയും മനുഷ്യജീവിതത്തെയും സംരക്ഷിക്കുന്നതിനുള്ള വിപുലമായ ജനകീയ യജ്ഞമാണ് ഹരിതകേരളം മിഷൻ. പരസ്പര പൂരകങ്ങളായ ശുചിത്വം, മാലിന്യ സംസ്കരണം, കാർഷിക വികസനം, ജലവിഭവം എന്നീ മൂന്നു മേഖലകളുടെ സമന്വയ സാധ്യതകൾ പൂർണമായി പ്രയോജനപ്പെടുത്തി പുതിയ വികസന കാഴ്ചപ്പാട് സൃഷ്ടിക്കുകയാണ് ഹരിതകേരളം മിഷന്റെ ലക്ഷ്യം.

- ശുദ്ധവായു, ശുദ്ധജലം, ശുദ്ധമായ ഭക്ഷണം എന്ന ലക്ഷ്യത്തിനുവേണ്ടി സമൂഹത്തെ ഒന്നാകെ കണ്ണി ചേർക്കുക.
- കേരളത്തിന്റെ പ്രകൃതി സമ്പത്ത് വീണ്ടെടുക്കുന്നതിനുവേണ്ടി സമഗ്ര കാഴ്ചപ്പാടോടെയുള്ള ഇടപെടൽ നടത്തുക.
- കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിന് കേരളത്തെ പ്രാപ്തമാക്കുന്നതിന് പിന്തുണാ സംവിധാനമായി പ്രവർത്തിക്കുക.
- കേരളത്തെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി



മാറ്റുന്നതിനും മണ്ണും ജലവും ജൈവ വൈവിധ്യവും സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും പ്രവർത്തിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനാവശ്യമായ പദ്ധതികൾ ജനപങ്കാളിത്തത്തോടെ രൂപം നൽകുന്നതിന് നടപ്പാക്കുന്നതിനുമുള്ള പിന്തുണാ സംവിധാനമായി പ്രവർത്തിക്കുക.

- ശാസ്ത്രീയവും ഓരോ പ്രദേശത്തിനും അനുയോജ്യവുമായിട്ടുള്ള മാലിന്യ സംസ്കരണ പദ്ധതികൾ സ്വീകരിച്ചുകൊണ്ട് മാലിന്യ പരിപാലനത്തിന്റെ സംസ്കാരം സമൂഹത്തിൽ വളർത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക. ഇതിനായി വിപുലമായ ജനകീയ ക്യാമ്പയിന് രൂപം നൽകുക.
- ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെയുള്ള വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ആവശ്യമുള്ള പാരിസ്ഥിതിക പുനസ്ഥാപന പ്രവൃത്തികൾ കണ്ടെത്തി നിർവഹിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും സമൂഹത്തെയും പ്രാപ്തമാക്കുക.
- പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉത്പന്നങ്ങളിലും സ്വയം പര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾക്ക് പ്രേരണയും സഹായവും നൽകുക.
- വിഷമയമായ പച്ചക്കറിയിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിന് ജൈവ പച്ചക്കറിയിൽ ഊന്നിയുള്ള ജനകീയ ക്യാമ്പയിൻ ആരംഭിക്കുക.
- ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
- പുതിയൊരു ജലസംരക്ഷണ ജല വിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുക.



- നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
- മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ സംയോജിത നീർത്തട അടിസ്ഥാനത്തിൽ ആസൂത്രണം നിർവഹണം നടത്തി ജല ലഭ്യതയും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിക്കുക.
- ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പാക്കുന്നതിന് വേണ്ട സഹായം ലഭ്യമാക്കുക.
- പരിസ്ഥിതി, കൃഷി, ജലം, വനം തുടങ്ങി ബന്ധപ്പെട്ട മേഖലകളിൽ ഗവേഷണ പഠനങ്ങൾ നടത്തുന്ന സംസ്ഥാനത്തെ എല്ലാ ഗവേഷണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സംവിധാനങ്ങൾ വികസിപ്പിക്കുകയും ലഭ്യമാക്കുകയും ചെയ്യുക.
- കേരളത്തിന്റെ കുറഞ്ഞുകൊണ്ടിരിക്കുന്ന വനസമ്പത്തും ജൈവവൈവിധ്യവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ വനംവകുപ്പിന്റെയും ബന്ധപ്പെട്ട മേഖലയിലെ സംഘടനകളുടെയും നേതൃത്വത്തിൽ സ്വീകരിക്കുക.
- കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കാവുന്ന പരിസ്ഥിതി പ്രത്യാഘാതങ്ങളുടെ രൂക്ഷത കുറയ്ക്കുന്നതിനായുള്ള നപടികൾക്ക് ഈ രംഗത്തെ വിദഗ്ധരുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും പിന്തുണയോടെ രൂപം നൽകുക.
- ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുക.
- ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറക്ക് കൂടി ഉറപ്പാക്കുക.
- നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും



ഉറപ്പാക്കുക.

- ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉപ യോഗം ജലവിഭവാസൂത്രണത്തിലും മോണിറ്ററിംഗിലും ഉറപ്പാക്കുക.
- കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ ജലവിഭവ മേഖലയിൽ ചെലുത്തുന്ന സ്വാധീനം തിരിച്ചറിഞ്ഞ്, ഇവയെ പ്രതിരോധി ക്കുംവിധമുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണ, നിർവഹണം ഉറപ്പാക്കുക.
- നഗര കേന്ദ്രീകൃത വെള്ളപ്പൊക്കം (urban flooding) ലഘൂകരിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ ജനകീയമായി നിർവഹിക്കുക.
- നീർത്തട അടിസ്ഥാനത്തിൽ മണ്ണ്-ജലസം രക്ഷണ പ്രവർത്തനം ജനകീയമായി നിർവഹിക്കുന്നതിനാവശ്യമായ പരിശീ ലനങ്ങൾ ഉറപ്പാക്കുക.
- ജലമലിനീകരണം തടയുക, ഓരുവെള്ള ക്കയറ്റം പ്രതിരോധിക്കുക.
- ജലസ്രോതസുകളിൽ അമിതമായി അടിഞ്ഞു കൂടിയ എക്കലും മണലും നീക്കം ചെയ്യുക.
- മണ്ണ്, ജലം, അന്തരീക്ഷം എന്നിവ എന്നും വൃത്തിയോടെയും ശുചിത്വത്തോടെയും നിലനിർത്തുന്നതിന് ജനകീയ പങ്കാളി ത്തത്തോടെ ക്യാമ്പയിൻ മാതൃകയിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പി ലാക്കുക.
- മാലിന്യ പരിപാലനത്തെ വിഭവവും തൊഴിലുമാക്കി മാറ്റി അതിലൂടെ മാലിന്യ സംസ്കരണ പദ്ധതി നടത്തിപ്പിനാവശ്യ മായ സമ്പദ്ഘടന രൂപപ്പെടുത്തുക.
- സംസ്ഥാന സർക്കാരിന്റെ ഖര-ദ്രവ- മാലിന്യ പരിപാലന നയങ്ങൾക്കും നിലവിലുള്ള ചട്ടങ്ങൾക്കും അനുസൃ തമായി വികേന്ദ്രീകൃത മാതൃകയിൽ മാലിന്യ പരിപാലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വ കേരളം സൃഷ്ടിക്കുക.
- മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കിയും സമൂഹത്തിൽ ശുചിത്വ ബോധം വളർത്തിയും ശുചിത്വ അവകാശ നിർണ്ണയം സാധ്യമാക്കുക.



- ദ്രവമാലിന്യ പരിപാലനം, ഗാർഹിക-സ്ഥാപന-പൊതുസ്ഥലങ്ങളിൽ സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- പ്രത്യേകം കൈകാര്യം ചെയ്യേണ്ട മാലിന്യങ്ങളായ ഇറച്ചിമാലിന്യം, മുടിമാലിന്യം, സാനിറ്ററി മാലിന്യം, പുനചംക്രമണ സാധ്യമല്ലാത്ത വസ്തുക്കൾ, കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് എന്നിവയുടെ ശേഖരണത്തിനും മേഖലാതലത്തിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തത്തോടെ സംവിധാനമൊരുക്കൽ.
- വൃത്തിയും ശുചിത്വവുമുള്ള പൊതു ശുചിമുറികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയായ 'ടേക്ക് എ ബ്രേക്ക്' എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രാവർത്തികമാക്കി പൊതുശുചിത്വം ഉറപ്പാക്കൽ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിനായി വലിച്ചെറിയൽമുക്ത കേരളം ക്യാമ്പയിൻ നടപ്പിലാക്കുക.
- പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം എന്ന ലക്ഷ്യം കൈവരിക്കാനായി തരിശ്ഭൂമി വിനിയോഗത്തിൽ ഊന്നൽ നൽകിക്കൊണ്ട് ഭക്ഷ്യവിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുക.
- പച്ചക്കറി ഉൽപ്പാദനത്തിൽ മുന്നേറ്റമുണ്ടാക്കിയതിന്റെ തുടർച്ചയായി സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോട് കൂടി വീടുകളിലും സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.
- സംയോജിത കൃഷി സമ്പ്രദായം വ്യാപിപ്പിക്കുക.
- സുരക്ഷിത ഭക്ഷ്യ ഉൽപ്പാദനത്തിനു വേണ്ടി ജൈവകൃഷിയുൾപ്പെടെയുള്ള പരിസ്ഥിതി സൗഹൃദ ഭക്ഷ്യ ഉൽപ്പാദനവും ആരോഗ്യ സൗഹൃദ ഭക്ഷ്യ സംസ്കരണവും സംഭരണവും വിതരണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നെറ്റ് സീറോ കാർബൺ കേരളം എന്ന ലക്ഷ്യത്തിലേക്ക് വിവിധ വകുപ്പുകളേയും ഏജൻസികളേയും സന്നദ്ധ സംഘടനകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

- നിലവിലുള്ള പച്ചത്തുരുത്തുകളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനും വേണ്ട നടപടികൾ സ്വീകരിക്കുക. പുതിയതായി കണ്ടൽക്കാടുകളും മുളക്കൂട്ടങ്ങളും പുഴയോര സ്വാഭാവിക സസ്യജാലങ്ങളും ഉൾപ്പെടെ കൂടുതൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കുക.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾക്കു പുറമേ പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾക്കായി കാലാകാലങ്ങളിൽ അനുയോജ്യമായ തീരുമാനങ്ങളും അതിനനുസൃതമായ നപടികളും സ്വീകരിക്കാൻ ഹരിതേകരളം മിഷൻ പ്രതിജ്ഞാബദ്ധമാണ്.

4

# ഹരിതകേരളം മിഷൻ : പ്രവർത്തനങ്ങൾ

കേരളത്തിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട മേഖലകളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ച് ഹരിതകേരളം മിഷൻ പത്താം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. മാലിന്യ സംസ്കരണവും ജലസംരക്ഷണവും കൃഷിയുടെ വ്യാപനവും കേരളത്തിൽ ജീവിക്കുന്ന ഓരോ വ്യക്തിയുടേയും ചിന്തയും പ്രവൃത്തിയുമായി മാറ്റുക എന്ന വലിയ ലക്ഷ്യമാണ് ഹരിതകേരളം മിഷൻ മുന്നോട്ടുവയ്ക്കുന്നത്. ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഇതുവരെയുള്ള പ്രവർത്തനങ്ങൾ കർമപഥത്തിലെത്തിച്ചത്.

അധികാര വികേന്ദ്രീകരണത്തിന്റെ കാൽ നൂറ്റാണ്ട് കേരളം പിന്നിട്ടു കഴിഞ്ഞു. ചില പരിമിതികളുണ്ടെങ്കിലും പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായി കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറി എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ വികേന്ദ്രീകൃതാസൂത്രണത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളി വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ, വകുപ്പുകളുടെ പദ്ധതികൾ തമ്മിൽ ഒക്കെ ഉണ്ടാകേണ്ട ഫലപ്രദമായ ഏകോപനത്തിന്റെ അഭാവമാണ്. താഴെത്തട്ടിലാണ് ഏകോപനത്തിന്റെ അഭാവം ഏറെ പ്രയാസങ്ങളുണ്ടാ

ക്കുന്നത്. ഫലപ്രദമായ ഏകോപനത്തിനുള്ള സാധ്യതകൾ ഉപയോഗിക്കാൻ കഴിഞ്ഞാൽ വികസനത്തിന്റെ നേട്ടങ്ങൾ പരമാവധിയാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. ഈ സാഹചര്യത്തിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ പിന്തുണ ഉറപ്പാക്കുകയും ചെയ്യുക എന്ന ധർമ്മമാണ് ഹരിതകേരളം മിഷൻ നിർവഹിക്കുന്നത്.

അധികാര വികേന്ദ്രീകരണം കേരളത്തിനു നൽകിയ ഏറ്റവും നല്ലപാഠം വികസനത്തിലെ അർത്ഥപൂർണമായ ജനപങ്കാളിത്തമാണ്. ഹരിതകേരളം മിഷൻ സംസ്ഥാനതലം മുതൽ തദ്ദേശ ഭരണതലം വരെ ഊന്നൽ നൽകിയത് സമൂഹത്തെ മുഴുവൻ പങ്കാളികളാക്കിക്കൊണ്ട് വർത്തമാനകാല വികസന പ്രതിസന്ധികളെ തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിനാണ്. ഹരിതകേരളം മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾക്കനുസൃതമായി അനുവർത്തിച്ച പ്രവർത്തനങ്ങളും അതിന്റെ രീതിശാസ്ത്രവും ചുവടെ നൽകുന്നു.

- ഗാർഹിക അജൈവ മാലിന്യ ശേഖരണത്തിന് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകർമസേന രൂപീകരിച്ചു. നിലവിൽ വാതിൽപ്പടി ശേഖരണത്തിന് 37500 ലധികം ഹരിതകർമസേനാംഗങ്ങളുണ്ട്.



- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വാഭാവിക ശേഷി പരിഗണിച്ചുകൊണ്ടുള്ള സുസ്ഥിര വികസന മാതൃക സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനും സഹായം ലഭ്യമാക്കി.
- ശുചിത്വ, മാലിന്യസംസ്കരണ മേഖലകളിലും കാർഷിക, ജലവിഭവ മേഖലകളിലും പ്രവർത്തിക്കുന്ന സംവിധാനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സാങ്കേതിക പ്രാപ്തിയും സഹായങ്ങളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു.
- വീടുകളിലെയും ഹോട്ടലുകളിലെയും കല്യാണമണ്ഡപങ്ങളിലെയും മറ്റും ജൈവമാലിന്യം തെരുവോരങ്ങളിലും ഒഴിഞ്ഞ പറമ്പുകളിലും വലിച്ചെറിയുന്നത് കർശനമായി നിയന്ത്രിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പിന്തുണ സംവിധാനമായി പ്രവർത്തിച്ചു. ഇത്തരം മാലിന്യങ്ങൾ ശാസ്ത്രീയമായി കമ്പോസ്റ്റു ചെയ്യുന്നതിനുള്ള പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക ഉപദേശം ലഭ്യമാക്കി. ഇതിന് അനുയോജ്യമായ സ്ഥലങ്ങളിൽ ഗ്രാമപഞ്ചായത്തുകളെയും നഗരസഭകളേയും ഏകോപിച്ചു കൊണ്ടുള്ള പദ്ധതികൾക്ക് പ്രോത്സാഹനം നൽകി.
- സ്രോതസ്സുകളിൽ തന്നെ മാലിന്യം വേർതിരിക്കുന്നതിനും ഉറവിടങ്ങളിൽ തന്നെ സംസകരിക്കുന്നതിനുമുള്ള വികേന്ദ്രീകൃത സംസ്കരണ സാങ്കേതികവിദ്യകൾ വ്യാപകമാക്കുകയും അതിനാവശ്യമായ പരിശീലനവും പിന്തുണയും ശുചിത്വമിഷന്റെ മുൻകൈയിൽ സ്വീകരിച്ചു.

- ജലസ്രോതസ്സുകളുടെ മലിനീകരണം വെല്ലുവിളിയായി ഏറ്റെടുത്തുകൊണ്ട് കിണറുകൾ, കുളങ്ങൾ, നദികൾ, കായലുകൾ എന്നിങ്ങനെയുള്ള ജലസ്രോതസ്സുകളുടെ ശുചീകരണം മുൻഗണനാടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കി.
- കിണറുകൾ, കുളങ്ങൾ എന്നിവ മഴക്കാലത്ത് റീചാർജ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ നടപടികൾ സ്വീകരിച്ചു.
- മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.
- വിദ്യാഭ്യാസ/ശാസ്ത്ര/ഗവേഷണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട സംഘടനകളുടെയും നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം എല്ലാ വിഭാഗം ജനങ്ങൾക്കും സൃഷ്ടിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനുള്ള ജനപങ്കാളിത്തം ഉറപ്പാക്കി.
- സംസ്ഥാനത്തും ദേശീയതലത്തിലും രാജ്യത്തിനു പുറത്തുമുള്ള വിദഗ്ധരുടെയും ഈ മേഖലയിലെ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വൈദഗ്ധ്യവും അനുഭവങ്ങളും സംസ്ഥാനത്തിന്റെ നന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ സെമിനാറുകളും ചർച്ചകളും സംഘടിപ്പിച്ചു. വിദഗ്ധർ ഉൾപ്പെടുന്ന ഉപദേശക സമിതികൾ ബന്ധപ്പെട്ട മേഖലകളിൽ ഉറപ്പാക്കി.
- സംസ്ഥാനത്തെ എല്ലാ സർക്കാർ-അർധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലും തദ്ദേശ ഭരണ സ്ഥാപനങ്ങളും ഹരിത പെരുമാറ്റചട്ടം നടപ്പാക്കാൻ മുൻകൈയെടുത്തു.
- തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ നിലവിലുള്ള സംയോജിത നീർത്തട പ്ലാനുകൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്കു കൂടി അനുഗുണമായ രീതിയിൽ കാലാനുസൃതമാക്കി. ഈ പ്രവർത്തനം പരമാവധി ജനകീയ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ സമയബന്ധിത ക്യാമ്പയിനായി സംഘടിപ്പിച്ചു.
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ ജനകീയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതികളുടെ സഹായത്തോടെ ജലബജറ്റുകളും ജല സുരക്ഷാ പ്ലാനും തയ്യാറാക്കി.
- നീർത്തട പ്ലാനുകളിൽ നിർദ്ദേശിക്കുന്ന ആവാഹ പ്രദേശ പരിപാലനം, കുളങ്ങളുടെ നവീകരണം, കിണർ റീചാർജിംഗ്, നീർച്ചാലുകളുടെ നവീകരണം എന്നിവ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് സാധ്യമാക്കി.
- പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ സ്ഥായിയായ പരിപാലനം ഉറപ്പാക്കുന്നതിനും വീണ്ടും മലിനമാകാതെ ഉപയുക്തമാക്കി നിലനിർത്തുന്നതിനും സാധ്യമായ ഇടങ്ങളിൽ ജൈവകൃഷി വ്യാപനം, മത്സ്യകൃഷി, ഫാം ടൂറിസം, പ്രാദേശിക



ഹരിത ചെക്ക്പോസ്റ്റ്

ടൂറിസം, പ്രഭാത-സായാഹ്ന വ്യായാമം, ജൈവവൈവിധ്യ പാർക്കുകൾ, പച്ചത്തുരുത്തുകൾ മുതലായവ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കി.

- ജലസംരക്ഷണം, ജല ഉപയോഗ കാര്യക്ഷമത എന്നിവ നേരിടുന്നതിനുള്ള നടപടികൾ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ ജനകീയമായി നിർവഹിച്ചു.
- പുഴകൾ, തോടുകൾ എന്നിവയിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.
- പ്രകൃതിദത്തമായ മാർഗങ്ങൾ ഉപയോഗിച്ച് തീരങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ഓരു വെള്ളക്കയറ്റം പ്രതിരോധിക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കി.
- ക്വാറികളിലെ ജലം കൃഷിയിടങ്ങളിലേക്കെത്തിക്കുന്നതിനും സമീപപ്രദേശത്തെ വരൾച്ചയെ പ്രതിരോധിക്കുന്നതിനുമായി പദ്ധതി നടപ്പിലാക്കി.
- ഐ.ടി. മിഷന്റെ സാങ്കേതിക സഹായത്തോടെ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ജലവിഭവ പ്ലാനിംഗും മോണിറ്ററിംഗും നടത്തി. ഈ പ്രവർത്തനത്തിൽ കേരള പുനർ നിർമാണ സംരഭത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തി. ഇപ്രകാരം പശ്ചിമഘട്ടപ്രദേശത്തെ നീർച്ചാലുകളെ ഡിജിറ്റൽ മാപിൽ അടയാളപ്പെടുത്തുന്ന മാപത്തോൺ പ്രവർത്തനങ്ങൾ 230ലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തിയാക്കി.
- ജല ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഗ്രാമീണ മേഖലയിൽ പ്രാദേശിക ജല ഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിച്ചു.
- ബന്ധാര മാതൃകയിലുള്ള ജലസംഭരണികൾ സാധ്യമാകുന്ന പ്രദേശങ്ങളിൽ പ്രാവർത്തികമാക്കി.
- വാതിൽപടി അജൈവ മാലിന്യ ശേഖരണം 100 ശതമാനം എത്തിച്ചു.
- അജൈവമാലിന്യ പരിപാലനത്തിന്റെ ഭാഗമായ മിനി എം.സി.എഫ്., എം.സി.എഫ്.



എന്നിവ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സജ്ജമാക്കി. ആർ.ആർ.എഫുകൾ തരംതിരിക്കലിനും അഴുക്കുകൾ നീക്കം ചെയ്യുന്നതിനും സഹായകരമാം വിധം നവീകരിച്ചു.

- ഗാർഹികതലത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന സാനിറ്ററി, മെഡിക്കൽ, അപകടകരമായ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണം, സംഭരണം, സംസ്കരണം എന്നിവയ്ക്ക് സാധ്യമായ ഇടങ്ങളിൽ സംവിധാനം സജ്ജമാക്കി.
- സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണം സംബന്ധിച്ച് MIS സംവിധാനം നടപ്പിലാക്കുന്നതിന് 'Smart garbage app' പ്രവർത്തനക്ഷമമാക്കി.
- ഗ്രീൻ പ്രോട്ടോക്കോൾ, പുനരുപയോഗം, ഉറവിടത്തിൽ വേർതിരിക്കൽ, ബദൽ ഉൽപന്ന പ്രചരണം എന്നിവയെ കേന്ദ്രീകരിച്ചുള്ള വലിച്ചെറിയൽമുക്ത കേരളം ജനകീയ ക്യാമ്പയിൻ സംഘടിപ്പിച്ചു.
- ജലമലിനീകരണം തടയുന്നതിനുള്ള വികേന്ദ്രീകൃത സംവിധാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സജ്ജമാക്കി.
- ജലമലിനീകരണം തടയുന്നതിന് ബഹുജന അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.



- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും വിനോദസഞ്ചാര വകുപ്പിന്റെയും റസ്പോൺസിബിൾ ടൂറിസം മിഷന്റേയും സഹകരണത്തോടെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുകയും ഹരിത ടൂറിസം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.
- തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനും



നെൽകൃഷി വിസ്തൃതി വർധിപ്പിക്കുന്നതിനും ആവശ്യമായ വിവിധ പദ്ധതികൾ നടപ്പിലാക്കി.

- പച്ചക്കറികൃഷി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെ സഹായത്തോടു കൂടി നടപ്പിലാക്കി.
- ദേവാലയങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശ് ഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിന് 'ദേവഹരിതം' എന്ന പേരിൽ ക്യാമ്പയിൻ സംഘടിപ്പിച്ചു.
- വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ തരിശ് ഭൂമി കൃഷിക്ക് ഉപയോഗിക്കുന്നതിന് പ്രാദേശികമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.
- തരിശുഭൂമി കണ്ടെത്തി അവിടെ കൃഷി പ്രോത്സാഹിപ്പിച്ച് ചില ഗ്രാമപഞ്ചായത്തുകളെ തരിശ് രഹിത ഗ്രാമങ്ങളായി പ്രഖ്യാപിച്ചു.
- കേരളത്തിലെ പരിസ്ഥിതി സന്തുലിതാവസ്ഥ പുനസ്ഥാപിക്കുന്നതിന്റെയും കാർബൺ ന്യൂട്രൽ കേരളം എന്ന ദീർഘകാല ലക്ഷ്യം കൈവരിക്കുന്നതിന്റെയും ഭാഗമായി നിലവിലുള്ള കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണത്തിന് നടപടികൾ സ്വീകരിച്ചു. പുതുതായി കണ്ടൽക്കാടുകളും മുളങ്കൂട്ടങ്ങളും നദീതീര സ്വാഭാവിക സസ്യശൃംഖലകളും വച്ചുപിടിപ്പിച്ചു.
- വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതി, വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ പരിപാടി എന്നിവയുടെ സഹായത്തോടെ പരമാവധി സ്ഥലത്ത് പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. അവയുടെ തുടർ പരിപാലനത്തിന് നടപടികൾ സ്വീകരിച്ചു.

# 5

## പ്രധാനപ്പെട്ട ക്യാമ്പയിനുകൾ

### മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സംസ്ഥാനത്ത് സമഗ്രമായൊരു മാറ്റത്തിനാണ് കളമൊരുക്കിയത്. ശുചിത്വം, മാലിന്യ സംസ്കരണം, ഹരിതചട്ടപാലനം തുടങ്ങിയ വിഷയങ്ങളിൽ വർധിച്ചു വരുന്ന പൊതുബോധം ഈ മാറ്റത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഗ്രാമങ്ങളിലും നഗരങ്ങളിലും ജനങ്ങൾ മുന്നിട്ടിറങ്ങി ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായി നിരവധി ടൗണുകൾ ഹരിത പദവിയിലെത്തി.

സംസ്ഥാനത്ത് ഇതിനോടകം നിരവധി ടൗണുകൾ ഹരിത സുന്ദര ടൗണുകളായി മാറിക്കഴിഞ്ഞു. ചെറുതും വലുതുമായ കവലകൾ ഉൾപ്പെടുന്ന ഈ ടൗണുകളിൽ നടന്ന സൗന്ദര്യവൽക്കരണവും ശുചിത്വ- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും അതതു പ്രദേശങ്ങളിൽ കാതലായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്.

പരിസരത്തിന്റെ വൃത്തി മുഖ്യമായി ലക്ഷ്യമിട്ടും പാഴ്വസ്തുക്കളുടെ പുനരുപയോഗ സാധ്യത പരമാവധി പ്രയോജനപ്പെടുത്തിയും പരിസ്ഥിതി സംരക്ഷിച്ചും ചെടികൾ വച്ച് മോടി പിടിപ്പിച്ചും നടത്തുന്ന ഹരിത ടൗൺ പ്രവർത്തനങ്ങൾ കൂട്ടായ്മയുടെ ശ്രമഫലമാണ്.




മാലിന്യങ്ങളും പാഴ്‌വസ്തുക്കളും വലിച്ചെറിയാതെ നിർദ്ദിഷ്ട ഇടങ്ങളിൽ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കാൻ നൽകിയും ആവുന്നത്ര പച്ചപ്പ് സൃഷ്ടിച്ചും ജലസുരക്ഷ ഉറപ്പാക്കിയും പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്ന മാർഗ്ഗങ്ങളിലൂടെയുമാണ് ഹരിത ടൗൺ യാഥാർത്ഥ്യമാക്കുന്നത്. നാടിന്റെയും നഗരത്തിന്റെയും വികസനത്തിനൊപ്പം പ്രകൃതിയെ നശിപ്പിക്കാതെയുള്ള ജീവിതശൈലി അനുവർത്തിക്കുക എന്ന ആശയവും ഹരിത ടൗണുകൾ മുന്നോട്ടുവയ്ക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഹരിത ടൗണുകളായ പ്രദേശങ്ങളെ സ്ഥിരമായി ഹരിത പദവിയിൽ തന്നെ നിലനിർത്താൻ ജനകീയ സമിതികൾ സജീവമാണ്.

സമ്പൂർണ ശുചിത്വം ലക്ഷ്യമിട്ട് സമയബന്ധിതമായി നടപ്പാക്കിയ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല നിർവഹിച്ചത് ഹരിതകേരളം മിഷനാണ്. കേരളം സമ്പൂർണ ഖര മാലിന്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടതിനു പിന്നിൽ ശ്രദ്ധേയമായതും നൂതനവുമായ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ നടന്നു. ഹരിത സ്ഥാപനങ്ങൾ, ഹരിത ടൂറിസം കേന്ദ്രങ്ങൾ, ഹരിത വിദ്യാലയങ്ങൾ, ഹരിത കലാലയങ്ങൾ, ഹരിത ടൗണുകൾ, ഹരിത അയൽക്കൂട്ടം, ഹരിത ഓഫീസുകൾ, ഹരിത ഗ്രന്ഥശാലകൾ തുടങ്ങിയവ ഇതിൽ പ്രധാനം.

## ഹരിത പെരുമാറ്റച്ചട്ടം ജീവിത ശൈലിയിൽ

കേരളീയരുടെ ജീവിത ശൈലിയിൽ ഹരിത പെരുമാറ്റച്ചട്ടം സുപ്രധാന ഘടകമായി മാറുന്നു. വ്യക്തിഗതമായി മാത്രമല്ല കൂട്ടം ചേരുന്നിടത്തും ഓഫീസുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിൽ കാണിക്കുന്ന ശ്രദ്ധ ഇപ്പോൾ പ്രകടമാണ്. ആഘോഷങ്ങൾ, ഉത്സവങ്ങൾ, പൊതുചടങ്ങുകൾ തുടങ്ങിയവയിലും ഹരിത പെരുമാറ്റ



ചട്ടപാലനം കണ്ടുവരുന്നുണ്ട്. മാലിന്യം കുറയ്ക്കുന്നതിലും പ്രകൃതി സൗഹൃദ ജീവിതം പിന്തുടരുന്നതിലും ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി ഹരിതകേരളം മിഷൻ ഉൾപ്പെടെ നടത്തിയ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഫലം ദൃശ്യമായി തുടങ്ങിയതായാണ് വിലയിരുത്തൽ.

## ഇനി ഞാനൊഴുകട്ടെ

ജലസംരക്ഷണം, ജല സുരക്ഷ എന്നീ മേഖലകളിൽ സംസ്ഥാനത്ത് മുമ്പെങ്ങുമില്ലാത്തവിധമുള്ള ക്രിയാത്മക പ്രവർത്തനങ്ങളാണ് കഴിഞ്ഞ എട്ടുവർഷങ്ങളിലായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടന്നത്. ജലമാണ് ജീവൻ ബോധവത്കരണ ക്യാമ്പയിൻ, പുഴകൾക്ക് പുതുജീവനേകിയുള്ള നദി പുനരുജ്ജീവന പ്രവർത്തനങ്ങൾ, ജലഗുണനിലവാര പരിശോധനാ ലാബുകൾ, നീർച്ചാലുകളെ ഡിജിറ്റൽ മാപ്പിൽ അടയാളപ്പെടുത്തുന്ന മാപത്തോൺ, രാജ്യത്താദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ ജലബജറ്റ്, ക്വാറികളിലെ ജലം കൃഷിയിടങ്ങളിലേക്ക് തുടങ്ങി നിരവധി നൂതന കർമ പദ്ധതികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്ത്



നടപ്പാക്കിയത്. ഇതിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ച ക്യാമ്പയിനാണ് ജലസ്രോതസ്സുകളുടെയും നീർച്ചാലുകളുടെയും ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ'. ഈ ക്യാമ്പയിൻ ഇതിനകം രണ്ടുഘട്ടങ്ങൾ പൂർത്തീകരിച്ചു.

'ഇനി ഞാനൊഴുകട്ടെ' ക്യാമ്പയിന്റെ മൂന്നാംഘട്ടം സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരങ്ങളുടെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ തീവ്രയജ്ഞത്തിൽ അതിപ്രധാനമാണ് നീർച്ചാലുകളുടെ വീണ്ടെടുപ്പ് ലക്ഷ്യമിട്ടുള്ള ഇനി ഞാനൊഴുകട്ടെ ക്യാമ്പയിൻ.

## സുരക്ഷിതമാക്കാം പശ്ചിമഘട്ടം : നീർച്ചാൽ അടയാളപ്പെടുത്തി മാപത്തോൺ

ഇനി ഞാനൊഴുകട്ടെ മൂന്നാം ഘട്ടം ക്യാമ്പയിനിൽ ഉൾപ്പെടുത്തി പശ്ചിമഘട്ട



പ്രദേശത്തെ നീർച്ചാൽ പുനരുജ്ജീവന പ്രവർത്തനം ആരംഭിച്ചു. പശ്ചിമഘട്ട പ്രദേശങ്ങളിൽ ഉൾപ്പെടുന്ന 230ൽ അധികം ഗ്രാമ പഞ്ചായത്തു പരിധിയിലുള്ള നീർച്ചാൽ ശൃംഖല ശാസ്ത്രീയമായി കണ്ടെത്തി മാപത്തോണിലൂടെ അടയാളപ്പെടുത്തി. ഈ നീർച്ചാലുകളെ പൊതുജന പങ്കാളിത്തത്തോടെ ശുചിയാക്കിയും നീരൊഴുക്ക്

പുനസ്ഥാപിച്ചും വീണ്ടെടുക്കാൻ ലക്ഷ്യ മിട്ടുള്ള 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' ക്യാമ്പയിൻ പ്രവർത്തനം നടന്നു വരികയാണ്. മണ്ണിടിച്ചിലും ഉരുൾപൊട്ടലും പരമാവധി ലഘൂകരിക്കാൻ ഈ പദ്ധതി പ്രയോജന പ്പെടും.

## ക്വാറി ജലം കൃഷിയിടങ്ങളിലേക്ക്

ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിലെ ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടു ള്ള പാറക്വാറി റീചാർജ് പദ്ധതി കൂടുതൽ സ്ഥലങ്ങളിൽ നടപ്പാക്കുകയാണ്. കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിലെ ഉളവുകോട് ക്വാറിയിലെ ജലം കൃഷിയിട ങ്ങളിലേക്ക് എത്തിക്കുന്ന പദ്ധതി വൻ വിജയമായി. ഇതേ മാതൃകയിൽ 14 പദ്ധ തികൾക്ക് സംസ്ഥാനത്ത് തുടക്കമായി. തിരുവനന്തപുരം ജില്ലയിലെ 'പുഴയൊഴുകും മാണിക്കൽ' പദ്ധതി ജനശ്രദ്ധ ആകർഷിച്ച് മറ്റു ഗ്രാമപഞ്ചായത്തുകൾക്കും മാതൃകയായി. വയനാട് ജില്ലയിലെ 'കബനിക്കായ് വയനാട്' പദ്ധതിയും വിജയമാണ്.

## ജലബജറ്റ്

ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാ ക്കുന്ന രേഖയാണ് ജലബജറ്റ്. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേ ശങ്ങളേയും അടിസ്ഥാനമാക്കി ജലബജറ്റ് തയ്യാറാക്കുന്ന പദ്ധതി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. ഇന്ത്യയിൽ ആദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജലബജറ്റ് തയ്യാറാക്കു ന്ന സംസ്ഥാനം കേരളമാണ്. പ്രാദേശിക തലത്തിൽ ജലസുരക്ഷ ഉറപ്പാക്കുന്നതിന് ജലലഭ്യതയും ജല ആവശ്യങ്ങളും കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ജലബജറ്റ് കൊണ്ട് ഉദ്ദേശിക്കുന്നതും ഇതുതന്നെയാണ്. സംസ്ഥാ നത്ത് ഇതുവരെ 706 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബറ്റ് പൂർത്തീകരിച്ചി ട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ ഇതു സംബന്ധിച്ച് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ജലബജറ്റിന്റെ തുടർച്ചയായി ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് ക്യാമ്പയിൻ കാസർഗോഡ് ജില്ലയിൽ ആരംഭിച്ചു.

## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താ നായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യ ത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിൻ സംസ്ഥാനത്ത് പുരോഗമിക്കുക യാണ്. 2070 ൽ ഈ ലക്ഷ്യം കൈവരിക്കാൻ രാജ്യം ശ്രമിക്കുമ്പോൾ ഒരുപടി മുന്നിലായി 2050 ൽ ഈ ലക്ഷ്യം നേടിയെടുക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖ രണത്തിന്റെയും അളവ് കണക്കാക്കി ഇതു രണ്ടിന്റെയും തുലിതാവസ്ഥ കൈവരിക്കു ന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവ രുന്നത്.

ശാസ്ത്രീയമായ രീതിശാസ്ത്രം അവലം ബിച്ചാണ് പ്രവർത്തനങ്ങൾ പുരോഗമിക്കു ന്നത്. ദീർഘകാല പ്രവർത്തനങ്ങളിലൂടെയും ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെയും മാത്രമേ നെറ്റ് സീറോ കാർബൺ കേരളം എന്നതിലെത്തി ച്ചേരാൻ കഴിയൂ. ആദ്യഘട്ടത്തിൽ 152 തദ്ദേശ

സ്ഥാപനങ്ങളിൽ നെറ്റ് സീറോ കാർബൺ കേരളം ക്യാമ്പയിൻ പുരോഗമിക്കുന്നു.

## ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന **ഒരു തൈ നടാം** ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ ക്ലിഫ് ഹൗസ് അങ്കണത്തിൽ 2025 ലെ ലോക പരിസ്ഥിതി ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ കുളമാവ് തൈ നട്ട് ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ 2019 മുതൽ നടപ്പിലാക്കി വരുന്ന പച്ചത്തുരുത്ത് പദ്ധതിയെ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനോടൊപ്പം സമഗ്ര വൃക്ഷവൽക്കരണ പ്രവർത്തനവും ലക്ഷ്യമിട്ടായിരുന്നു ഒരു തൈ നടാം ക്യാമ്പയിൻ. അപൂർവവും വംശനാശഭീഷണി നേരിടുന്നതുമായ വൃക്ഷങ്ങളുടെ തൈകൾ നട്ടുപിടിപ്പിക്കുന്നതിൽ ക്യാമ്പയിൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. ക്യാമ്പയിന്റെ ഭാഗമായി നടുന്ന തൈകളുടെ സ്ഥാനം, വളർച്ച എന്നിവ നിരീക്ഷിക്കുന്നതിനായി ഇവ ജിയോടാഗ് ചെയ്യുന്ന സംവിധാനം കേരള സാങ്കേതിക സർവകലാശാലയുടെ പിന്തുണയോടെ നടപ്പാക്കുന്നുണ്ട്. ഒരു കോടി തൈ നടാൻ ലക്ഷ്യമിട്ട ക്യാമ്പയിൻ ലക്ഷ്യം കടന്ന് 1,06,58790 എണ്ണം പൂർത്തിയാക്കി.

## ഹരിത കലാലയം

പരിസ്ഥിതി സംരക്ഷണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കി കോളേജുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിതകലാലയം. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും മറ്റു ജീവനക്കാരുടെയും നേതൃത്വത്തിൽ ക്യാമ്പസിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, ഗ്രീൻ പ്രോട്ടോകോൾ, കൃഷി, ജൈവവൈവിധ്യ സംരക്ഷണം, ജലസംഭരണവും ജലസംരക്ഷണവും, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിലൂടെ



ക്യാമ്പസുകളെ ഹരിത കലാലയമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

സംസ്ഥാനത്തെ 1421 കോളേജുകളിൽ വിലയിരുത്തൽ നടത്തി 1063 എണ്ണം ഹരിത കലാലയ പദവിക്ക് അർഹമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ 75% കലാലയങ്ങൾ ഹരിത കലാലയങ്ങളായിട്ടുണ്ട്.

## ഹരിതവിദ്യാലയം

വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിന് ഹരിതവും വൃത്തിയുള്ളതുമായ അന്തരീക്ഷം അനിവാര്യമാണ്. ഹരിത വിദ്യാലയമെന്നത് ഒരു സമീപനമാണ്. കുട്ടികൾക്ക് പഠനത്തിന്റെ ഭാഗമായി ഒരുക്കുന്ന പഠനാന്തരീക്ഷത്തിലൂടെയും പഠനാനുഭവങ്ങളിലൂടെയും പാരിസ്ഥിതികാവബോധവും പ്രകൃതിയെ അറിയാനും സംരക്ഷിക്കാനുമുള്ള മനോഭാവവും വികസിപ്പിക്കുക എന്നതാണ് ഹരിത വിദ്യാലയം ക്യാമ്പയിനിലൂടെ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നത്.



## ഗ്രന്ഥശാലകൾ ഹരിത പദവിയിലേക്ക്

ഹരിത പെരുമാറ്റച്ചട്ടം പാലിച്ചും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ പങ്കാളികളായും സംസ്ഥാനത്തെ ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലകളായി മാറുന്നു. ഹരിത ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങളിൽ ഹരിത പ്രോട്ടോക്കോൾ നടപ്പാക്കൽ, പ്രാദേശികമായി നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഗ്രന്ഥശാലയ്ക്കടുത്തുള്ള പൊതു ഇടങ്ങളുടെ സൗന്ദര്യവൽക്കരണം, ഗ്രന്ഥശാലാ പ്രവർത്തകരുടെ വീടുകൾ ഹരിത മാതൃകയാക്കൽ തുടങ്ങിയവ മുൻനിർത്തിയാണ് ഹരിത ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

## ഹരിത സമൃദ്ധി വാർഡ്

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ചുരുങ്ങിയത് ഒരു വാർഡിലെങ്കിലും മുഴുവൻ വീടുകളിലും അനുയോജ്യമായ രീതിയിൽ പച്ചക്കറികൾ നട്ടുവളർത്തുക എന്നതാണ് ഹരിത സമൃദ്ധി വാർഡ് ക്യാമ്പയിൻ. പൂർണ്ണ ജനപങ്കാളിത്തത്തോടെയും സന്നദ്ധ സേവകരുടെയും കാർഷിക കർമസേന, കുടുംബശ്രീ, ഹരിത കർമസേന, നാഷണൽ സർവീസ് സ്കീം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങൾ എന്നിവരുടെയും സഹായത്തോടുകൂടിയാണ് ഈ ക്യാമ്പയിൻ നടപ്പിലാക്കുന്നത്. ജനപങ്കാളിത്തത്തോടെ ഓരോ വീട്ടിലും തൈകളുടെ വിതരണവും നടീൽ ഉത്സവവും സംഘടിപ്പിച്ചാണ് ഹരിത



സമൃദ്ധി വാർഡ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടക്കുന്നത്.

## പച്ചത്തുരുത്തുകൾ

തരിശുഭൂമിയിൽ പച്ചപ്പൊരുക്കാനുള്ള ഹരിതകേരളം മിഷന്റെ നൂതനാശയമാണ് 'പച്ചത്തുരുത്ത്' പദ്ധതി. പൊതു സ്ഥലങ്ങ ളുൾപ്പെടെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക ജൈവവൈവിധ്യ തുരുത്തുകൾ സൃഷ്ടിച്ചെ ടുത്ത് സംരക്ഷിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കാലാവസ്ഥാ വ്യതിയാന ത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹ വാതകങ്ങളുടെ സാന്നിധ്യം കൊ ണ്ടുണ്ടാകുന്ന ആഗോളതാപനത്തെ ചെറുക്കു ന്നതിനുമുള്ള പ്രായോഗിക ഇടപെടലാണ് പച്ചത്തുരുത്ത്.

2019 ജൂൺ 5 ലെ ലോക പരിസ്ഥിതി ദിനത്തിൽ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് കുടുംബാരോഗ്യ കേന്ദ്രത്തി ന്റെ കോമ്പൗണ്ടിലെ അഞ്ചു സെന്റിൽ നീർമാതളതൈ നട്ട് മുഖ്യമന്ത്രി പിണറായി വിജയനാണു പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കം കുറിച്ചത്.

സംസ്ഥാനത്ത് 1346.49 ഏക്കർ ആകെ വിസ്തൃതിയിൽ 4291 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. വിസ്തൃതിയിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കണ്ണൂർ ജില്ലയിലാണ് (315.36 ഏക്കർ ആകെ വിസ്തൃതിയിൽ 234 പച്ചതുരുത്തുകൾ). എണ്ണത്തിൽ ഏറ്റവും കൂടുതൽ പച്ചത്തുരുത്ത് സ്ഥാപിച്ചത് കാസർഗോഡ് ജില്ലയിലാണ്. ഏറ്റവും വലിയ പച്ചത്തുരുത്ത് കണ്ണൂർ ജില്ലയിലെ 136 ഏക്കറിൽ വ്യാപിച്ചുകിടക്കു ന്നത് മുഴക്കുന്ന് അയ്യപ്പൻകാവ് പച്ചത്തുരു ത്താണ്.

## തെങ്ങിന് തടം മണ്ണിന് ജലം

മഴവെള്ളവും മണ്ണും തമ്മിൽ നേരിട്ടുള്ള സമ്പർക്കം വരുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നതു മുന്നിൽ കണ്ടും വിളപരി പാലനത്തിനോടൊപ്പം മഴവെള്ളം മണ്ണിലേക്ക് എത്തിക്കാനും ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 'തെങ്ങിന് തടം മണ്ണിന് ജലം' ക്യാമ്പയിന് തുടക്കം കുറിച്ചത്.

തെങ്ങിന് തടം തുറന്ന് കുമ്മായം, പച്ചില, ചാണകം, ചാരം, കല്ലുപ്പ്, മറ്റ് ജൈവവളങ്ങൾ തുടങ്ങിയവ ഇട്ടുമൂടുന്ന കാർഷിക പാ



രമ്പര്യത്തെ ഭൂമിയ്ക്കായി വീണ്ടെടുക്കാനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു.

## ഹരിതകർമസേന : മാലിന്യ ശേഖരണത്തിലെ ഹരിത വിപ്ലവം

മലയാളിയുടെ വലിച്ചെറിയൽ സംസ്കാരത്തിനെതിരെ നടത്തുന്ന നിശബ്ദ വിപ്ലവത്തിന്റെ പ്രതീകമാണ് ഹരിതകർമസേന. 2017 ൽ രൂപീകരിച്ച ഹരിതകർമസേന ഇന്ന് കേരളത്തിന്റെ സുസ്ഥിര മാലിന്യനിർമാർജ്ജന പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായി വളർന്നിരിക്കുന്നു. നിലവിൽ സംസ്ഥാനത്ത് 37000ലധികം ഹരിതകർമസേനാംഗങ്ങളാണുള്ളത്. ഇന്ന് സംസ്ഥാനത്തെ 95% വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമസേനാംഗങ്ങളുടെ സേവനം ലഭ്യമാണ്. മാസത്തിൽ ഒന്നോ രണ്ടോ തവണ ഓരോ വീട്ടിലും എത്തി ഇവർ അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നു. ചിലയിടങ്ങളിൽ ജൈവ മാലിന്യ സംസ്കരണത്തിലും കൃത്യമായ ഇടപെടലുകൾ നടത്തുന്നു.

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ മിനി എംസിഎഫുകളിലും ശേഷം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സംവിധാനത്തിലും എത്തിച്ച് വീണ്ടും തരം തിരിക്കുന്നു. ഒരുമാസം 10000 ടണ്ണിലേറെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ഇവർ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി കൈമാറുന്നു.

ഇന്നിപ്പോൾ കേരളത്തിലെ പാതയോരങ്ങളിൽ കൂടിക്കിടക്കുന്ന മാലിന്യക്കൂനകൾ ഇല്ലാതായിരിക്കുന്നു. പ്ലാസ്റ്റിക് കത്തിക്കുന്നതും ഗണ്യമായി കുറഞ്ഞിരിക്കുന്നു. അതുമൂലമുള്ള ആരോഗ്യപ്രശ്നങ്ങളും അന്തരീക്ഷ മലിനീകരണവും പാരിസ്ഥിതിക പ്രത്യാഘാതങ്ങളും കുറഞ്ഞുവരുന്നു.

പ്ലാസ്റ്റിക് മാലിന്യം അശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിലൂടെ പുറന്തള്ളപ്പെ



ട്ടിരുന്ന കാർബൺ ഡൈ ഓക്സൈഡിനെ ഒഴിവാക്കി കാലാവസ്ഥയെ മെച്ചപ്പെടുത്താൻ വലിയൊരു പങ്കാണ് ഈ മാലിന്യ ശേഖരണത്തിലൂടെ സാധ്യമാകുന്നത്.

ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും മുഴുവനായി ഇങ്ങനെ ഒരു വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനമില്ല എന്നതും ശ്രദ്ധേയം.

## നീലക്കുറിഞ്ഞി ജൈവവൈവിധ്യ

### വിജ്ഞാന കേന്ദ്രം ശ്രദ്ധയാകർഷിക്കുന്നു

മൂന്നാറിനെ ആസ്വദിക്കാൻ എത്തുന്ന സഞ്ചാരികൾക്ക് ഈ പ്രദേശത്തിന്റെ ജൈവവൈവിധ്യ സവിശേഷതകളെ കുറിച്ച് അറിവ് പകരാനും അതുവഴി മൂന്നാർ

സന്ദർശനം കൂടുതൽ ആസ്വാദ്യകരമാക്കാനും ലക്ഷ്യമിട്ടു 2023 ൽ ഹരിതകേരളം മിഷൻ ആരംഭിച്ച നീലക്കുറിഞ്ഞി ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രം സഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കുന്നു. മൂന്നാർ മലനിരകളിലേക്കുള്ള പ്രവേശന കവാടമായ അടിമാലിയിലാണ് ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രം പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്കും, വിനോദ



സഞ്ചാരികൾക്കും, തദ്ദേശീയർക്കും ഈ പ്രദേശത്തെ പശ്ചിമഘട്ട മേഖലയിലെ തനത് ജൈവവൈവിധ്യത്തെക്കുറിച്ച് അവബോധം പകരുന്നതിന് വിപുലമായ സജ്ജീകരണങ്ങളാണ് കേന്ദ്രത്തിൽ ഒരുക്കിയിരിക്കുന്നത്.

## കാനാമ്പുഴ : വീണ്ടെടുപ്പിന്റെ മികച്ച മാതൃക

ഒഴുക്ക് നഷ്ടപ്പെട്ട് മാലിന്യവാഹിയായിരുന്നു കണ്ണൂരിലെ കാനാമ്പുഴ. വെള്ളക്കെട്ടും പ്രളയവും പതിവായിരുന്നു. പുഴയൊഴുകിയിരുന്നതിനു സമീപത്തെ കിണറുകളിൽപ്പോലും മലിനജലം നിറയുന്ന അവസ്ഥ. കണ്ണൂർ നഗരത്തിന്റെ സമീപ പ്രദേശമായ അയ്യപ്പൻ മലയിൽ നിന്നും ഉത്ഭവിച്ച്, നഗരത്തിലൂടെയും സമീപത്തെ കാർഷിക മേഖലയിലൂടെയും 10 കിലോമീറ്ററോളം ഒഴുകി, നഗരത്തിനു സമീപത്തുതന്നെയുള്ള ആദികടലായിയിൽവച്ച് കടലിൽ ചേരുന്ന ചെറിയ പുഴയാണ് കാനാമ്പുഴ.

ഈ മാലിന്യപ്പുഴ നാടിന്റെതന്നെ നാശത്തിന് കാരണമാകും എന്നു തിരിച്ചറിഞ്ഞ ഇന്നാട്ടുകാരും, അവരെ നയിക്കുന്നവരും നിലനിൽപ്പിനുവേണ്ടിയുള്ള ജനകീയ പോരാട്ടത്തിനു തയ്യാറായി. 2017 ലാണ് കാനാമ്പുഴയെ വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. പുരാവസ്തു മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജലസേചനം, കൃഷി, മണ്ണ്-ജലസംരക്ഷണം, മൃഗ സംരക്ഷണം തുടങ്ങി വിവിധ വകുപ്പുകൾ കാനാമ്പുഴക്കുവേണ്ടി കൈകോർത്തു.

നാടിന്റെ നട്ടെല്ലായ പുഴയെ വീണ്ടെടുക്കുമെന്ന് ഉറച്ച തീരുമാനത്തോടെ സർവ്വസന്നാഹങ്ങളുമായി അയ്യായിരത്തിലേറെ പേർ മാലിന്യം നിറഞ്ഞ പുഴയിലേക്കിറങ്ങി. ജനകീയ ശുചീകരണത്തിലൂടെ മാലിന്യങ്ങൾ പൂർണമായും നീക്കി പുഴയിലെ നീരൊഴുക്ക് പുനസ്ഥാപിച്ചു.

കാനാമ്പുഴയുടെ ഉത്ഭവസ്ഥാനമായ അയ്യപ്പൻമലയുടെ സംരക്ഷണം, നദീതടത്തിലെ കാർഷികമേഖലയുടെ വീണ്ടെടുപ്പ്, നഗരപരിധിക്കുള്ളിലെ ഡ്രഡ്ജിങ്ങിലൂടെ കാനാമ്പുഴയെ മാലിന്യമുക്തമാക്കൽ, ടൂറിസം പ്രവർത്തനങ്ങൾ എന്നിങ്ങനെ നിരവധി തുടർപ്രവർത്തനങ്ങൾക്കും സാക്ഷ്യം വഹിച്ചു.

ഇന്ന് കണ്ണൂർ നഗരത്തിനോടു ചേർന്നു കിടക്കുന്ന കാപ്പാട്-പെരിങ്ങളായി പാടശേഖരത്തിലൂടെ ഒഴുകുന്ന കാനാമ്പുഴയുടെ കാഴ്ച മനോഹരമാണ്. ഈ പാടശേഖരത്തിലൂടെ ഏകദേശം 4 കിലോമീറ്ററോളം ദൂരം പുഴയൊഴുകുന്നുണ്ട്. ഈ നാട്ടുകാർ അവരുടെ ഊർജസ്വലമായ പ്രഭാതങ്ങളും മനോഹരമായ സായാഹ്നങ്ങളും ചെലവഴിക്കുന്നത് ഇവിടെയാണ്. വ്യായാമത്തിനും



വിശ്രമത്തിനുമെല്ലാമായി ദൂരസ്ഥലങ്ങളിൽ നിന്നുപോലും ഇവിടേക്ക് സഞ്ചാരികളെ ത്തിച്ചേരുന്നു. കല്ലുപാകിയ നടപ്പാതയും, കയർ ഭൂവസ്ത്രം വിരിച്ചു ഭംഗിയാക്കിയ പുഴയോരവുമെല്ലാം ഇവിടേക്ക് സഞ്ചാരികളെ ആകർഷിക്കുന്നു. ജില്ലയിലെ തന്നെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായി ഈ പ്രദേശം മാറിക്കഴിഞ്ഞു.

## മറ്റ് പ്രവർത്തനങ്ങൾ

- ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ മോണിട്ടറിംഗിനും വിവര ശേഖരണത്തിനുമായുള്ള ഹരിതദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ, സംസ്ഥാനത്തെ എല്ലാ ശ്രേണിയിലുമുള്ള നീർച്ചാലുകളുടെ ഭൂപടങ്ങൾ തയ്യാറാക്കുന്ന മാപ്പത്തോൺ പ്രവർത്തനങ്ങൾ എന്നിവയും നടപ്പാക്കി വരുന്നു. പച്ചത്തുരുത്തുകളുടെ മാപ്പത്തോൺ പ്രവർത്തനവും പുരോഗമിക്കുന്നു.
- ഹരിതകേരളം മിഷൻ ലക്ഷ്യങ്ങൾ നടപ്പാക്കാൻ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വിവിധ കാമ്പയിനുകൾ എല്ലാം ഈ വിഷയങ്ങളിലെ ശക്തമായ ജനകീയ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികളായി വർത്തിച്ചു. ശുചിത്വ-മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് നടന്ന കാമ്പയിനുകളായ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, ജാഗ്രതോത്സവം, ഹരിതോത്സവം, വൃത്തിയുള്ള നാടൊരുക്കാൻ വൃത്തിയുള്ള വീട്, ജലസംരക്ഷണവും ജലമിതവ്യയവും ലക്ഷ്യമിട്ടുള്ള ജലമാണ് ജീവൻ, തോടുസഭ, തോട് നടത്തം, ജല പാർലമെന്റുകൾ, തരിശ് രഹിത ഗ്രാമ കാമ്പയിൻ എന്നിവ ഇത്തരത്തിൽ ശ്രദ്ധേയമായി.
- സംസ്ഥാനത്തെ മികച്ച 42 ഹരിതകർമ്മ സേനകളുടെ പ്രവർത്തനങ്ങൾ ഫേസ് ബുക്ക് ലൈവിൽ അവതരിപ്പിച്ചു.
- 2020 മാർച്ച് മാസം മുതൽ കോവിഡ്

വ്യാപനവും ലോക്ക്ഡൗൺ കാരണവും ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് പരിമിതിയും ഉണ്ടായിരുന്നു. എങ്കിലും ഈ കാലയളവിൽ ഓൺലൈൻ സാധ്യത പരമാവധി ഉപയോഗിച്ച് വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

- കില, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻസ് എന്നിവയുമായി ചേർന്ന് അധികാര വികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികത്തിന്റെ ഭാഗമായി വെബിനാറുകൾ നടത്തി. 55 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിൽ പങ്കെടുത്തു.
- പരിസ്ഥിതി സംരക്ഷണം ജീവിതചര്യയുടെ ഭാഗമാക്കുന്നതിന് പ്രേരണ സൃഷ്ടിക്കാൻ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്.

6

## ജനപങ്കാളിത്തം

കേരളത്തിന്റെ പല വികസന മാതൃകകളും ദേശീയ തലത്തിൽ അംഗീകാരം നേടിയിട്ടുണ്ട്. ജനങ്ങളുടെ സജീവവും ഉത്തരവാദിത്തപരവുമായ പങ്കാളിത്തമാണ് ഈ വികസന മാതൃകകളുടെയെല്ലാം അടിത്തറ. സമ്പൂർണ്ണ സാക്ഷരതാ യജ്ഞം, ജനകീയ ആസൂത്രണം എന്നിവയുടെ വിജയത്തിന് പിന്നിൽ പൊതുജന പങ്കാളിത്തം വലിയൊരു പങ്ക് വഹിച്ചിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ എല്ലാ പദ്ധതികളിലും ജനപങ്കാളിത്തം എന്ന മാതൃക ഉറപ്പാക്കിയിട്ടുണ്ട്. ജനങ്ങൾ വികസന പ്രവർത്തനങ്ങളുടെ സജീവ സഹയാത്രികരായി മാറുമ്പോഴാണ് യഥാർത്ഥ മാറ്റങ്ങൾ സാധ്യമാകുന്നത്. ജനങ്ങളെ നേരിട്ട് ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രവർത്തനങ്ങളിലൂടെ കൂട്ടായ ഉത്തരവാദിത്തബോധവും സാമൂഹിക ഉടമസ്ഥബോധവും വളർത്തുകയാണ് ജനപങ്കാളിത്ത മാതൃകയുടെ പ്രധാന ലക്ഷ്യം.

വിപുലവും ആഴമുള്ളതുമായ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി, ബോധവത്കരണം, പ്രചോദനം, ഉത്തരവാദിത്തബോധം എന്നീ ഘടകങ്ങളെ സമന്വയിപ്പിക്കുന്ന ശക്തമായ വിവര-വിദ്യാഭ്യാസ-ആശയവിനിമയ (IEC) രീതികളാണ് മിഷൻ സ്വീകരിച്ചിരിക്കുന്നത്. തുടർച്ചയായ ആശയവിനിമയ പ്രവർത്തനങ്ങലൂടെ വ്യക്തികളിൽ



അർപ്പണബോധം ഉണർത്തുകയും ഓരോ പ്രവർത്തനത്തനങ്ങളിലും തങ്ങൾക്കും നിർണായക പങ്കുണ്ടെന്ന ബോധം സമൂഹത്തിൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ഇത്തരത്തിലുള്ള ഐ.ഇ.സി. പ്രവർത്തനങ്ങളുടെ ഭാഗമായി സ്വാധീനവും സാന്നിധ്യമുവുള്ള സംഘടിത കൂട്ടായ്മകളുടെ സഹകരണം മിഷന്റെ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുന്നു. രാഷ്ട്രീയ-സാമൂഹിക സംഘടനകൾ, തൊഴിലാളി യൂണിയനുകൾ, റെസിഡൻസ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ, പ്രാദേശിക സ്വയംസഹായ സംഘങ്ങൾ എന്നിവരുടെയെല്ലാം സേവനം ഇത്തരത്തിൽ മിഷന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നു. ക്യാമ്പയിനുകളുടെ വിശ്വാസ്യതയും വ്യാപ്തിയും വർധിപ്പിക്കുന്നതിന് സംഘടിത കൂട്ടായ്മകൾക്ക് വലിയ പങ്കുണ്ട്. ക്യാമ്പയിനിന്റെ പ്രചാരണം സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും ഫലപ്രദമായി എത്തിക്കുന്നതിൽ ഈ സംഘടനകൾക്ക് നിർണായക പങ്കുണ്ട്.

പ്രാദേശിക തലത്തിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഓരോ പ്രദേശത്തിന്റെ ആവശ്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് മിഷൻ ഏകോപിപ്പിക്കുന്നത്. പ്രാദേശിക ജനവിഭാഗത്തെ ഇതിൽ ഉൾപ്പെടുത്തുന്നതിലൂടെ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും ജനവിഭാഗത്തിന്റെ പങ്കാളിത്ത-ഉത്തരവാദിത്ത ബോധം ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ജനപങ്കാളിത്തത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് 2024-ലെ സ്ഥിതി വിവര കണക്ക് ഇതോടൊപ്പം ചേർക്കുന്നു. 2024 വർഷത്തിൽ മാത്രം വിവിധ തലങ്ങളിലായി മിഷൻ 25,378 യോഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്, ഈ യോഗങ്ങളിലെല്ലാം 4,08,127 പേർ പങ്കെടുത്തതായും കണക്കുകൾ വ്യക്തമാക്കുന്നു. ഇവരിൽ 71,302 ജനപ്രതിനിധികൾ, 1,29,942

സർക്കാർ ഉദ്യോഗസ്ഥർ, 2,07,046 സന്നദ്ധ പ്രവർത്തകർ എന്നിവരാണ് ഉൾപ്പെടുന്നത്. 2024 വർഷത്തിൽ ഹരിതകേരളം മിഷൻ 1,21,190 ഫീൽഡ് തല ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇതിലൂടെ 2,73,127 സന്നദ്ധ പ്രവർത്തകരുടെ സജീവ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തു. ഓരോ പ്രവർത്തനത്തിലും നേരിട്ടുള്ള സമൂഹ പങ്കാളിത്തം ഉറപ്പാക്കാൻ മിഷന് സാധിച്ചിട്ടുണ്ട്. 2024 വർഷം മാത്രം മിഷന്റെ വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുത്തവരുടെ എണ്ണം 8,76,663 ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ വിജയത്തിന് പിന്നിൽ നിലകൊള്ളുന്ന ശക്തമായ ജനപങ്കാളിത്തത്തിന്റെ ആഴവും വ്യാപ്തിയും ഈ കണക്കുകൾ വ്യക്തമാക്കുന്നു.

ജനപങ്കാളിത്തത്തെ ആധാരമാക്കിയ ഈ പ്രവർത്തനരീതിയിലൂടെ സമൂഹ കൂട്ടായ്മകളുടെ പ്രതിബദ്ധതയെ വ്യക്തമായ പരിസ്ഥിതി നേട്ടങ്ങളാക്കി മാറ്റുവാൻ മിഷന് സാധിച്ചിട്ടുണ്ട്. കുടുംബശ്രീ, ഹരിത കർമസേന, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ സംവിധാനങ്ങളുടെ ഭാഗമായും അല്ലാതെയും പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങളിൽ അണിനിരന്നിട്ടുള്ള സ്ത്രീകളുടെ സംഭാവന എടുത്തു പറയേണ്ടതാണ്. എൻ.എസ്.എസ്., എസ്.പി.സി. തുടങ്ങിയ സംവിധാനങ്ങളിലൂടെ ചെറുപ്പക്കാരുടെ വൻതോതിലുള്ള പങ്കാളിത്തം ഹരിതകേരളം മിഷന് പകർന്നു നൽകിയ ഊർജ്ജം ചെറുതല്ല.

ജലസ്രോതസുകളുടെ പുനരുജ്ജീവനം: "ഇനി ഞാൻ ഒഴുകട്ടെ" ക്യാമ്പെയ്നിന്റെ ഭാഗമായി, സമൂഹത്തിന്റെ തുടർച്ചയായ ശുചീകരണവും പുനരുദ്ധാരണ പ്രവർത്തനങ്ങളും വഴി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചു.

ഹരിത അയൽക്കൂട്ടങ്ങൾ: 2,97,483 അയൽ





ക്കൂട്ടങ്ങൾ ഹരിത പദവി നേടി. പരിസ്ഥിതി മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് അടിത്തറയിലെ സാമൂഹിക കൂട്ടായ്മകൾ എത്രത്തോളം ഫലപ്രദമാണെന്നതിന്റെ വ്യക്തമായ ഉദാഹരണമാണിത്.

ജനങ്ങളെ ഉൾപ്പെടുത്തി നടത്തിയ ഈ നേട്ടങ്ങൾ എത്രത്തോളം ഗൗരവമുള്ള മാറ്റങ്ങൾ പരിസ്ഥിതി മേഖലയിൽ സൃഷ്ടിക്കാൻ കഴിവുള്ളതാണെന്ന് തെളിയിക്കുന്നു. ശക്തമായ വികേന്ദ്രീകൃത ആസൂത്രണം, സാമൂഹിക ബോധത്തോടെയുള്ള ജനകീയ ഇടപെടലുകൾ, തുടർച്ചയായ ഐ.ഇ.സി. പ്രവർത്തനങ്ങൾ എന്നിവയിലൂടെ, പരിസ്ഥിതി മേഖലയിലെ പ്രാദേശിക ഇടപെടലുകളെ ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി (എസ്.ഡി.ജി.) ഹരിതകേരളം മിഷൻ വിജയകരമായി ബന്ധിപ്പിച്ചു. പ്രത്യേകിച്ച് 6, 11, 12, 13, 15, 17 എന്നീ വികസന ലക്ഷ്യങ്ങളോടാണ് ഈ പ്രവർത്തനങ്ങൾ ബന്ധപ്പെട്ടിരിക്കുന്നത്.

ഹരിതകേരളം മിഷന്റെ ജനകീയ ക്യാമ്പെയ്നുകൾ പങ്കാളിത്ത ജനാധിപത്യത്തിന്റെ നേർക്കാഴ്ചയാണ്. തദ്ദേശസ്വയംഭരണ സംവിധാനങ്ങളെയും സാധാരണ ജനങ്ങളെയും ഒത്തൊരുമിപ്പിച്ച് കൂടുതൽ ശുചിത്വവും പച്ചപ്പും സുസ്ഥിരതയും ഉള്ള കേരളം എന്ന ലക്ഷ്യത്തിലേക്കുള്ള ശ്രമമാണ് നടപ്പിലാക്കുന്നത്.

ഹരിതകേരളം മിഷന്റെ ജനകീയ മാതൃക വിവിധ മേഖലകളിലും പ്രദേശങ്ങളിലുമെല്ലാം നടപ്പിലാക്കുവാൻ പര്യാപ്തമാണ് പ്രത്യേകിച്ച് സുസ്ഥിര ഫലങ്ങൾ കൈവരിക്കുന്നതിന് പൊതുജന സഹകരണം അനിവാര്യമായ സാഹചര്യങ്ങളിൽ. ജനങ്ങളെ ബോധവത്കരിക്കുകയും, പ്രചോദിപ്പിക്കുകയും, ശാക്തീരിക്കുകയും ചെയ്യുന്നതിലൂടെ മാറ്റങ്ങൾ സൃഷ്ടിക്കുന്ന ചാലക ശക്തിയായി ജനം തന്നെ മാറുന്നത് അനുഭവവേദ്യമാകും.

7

# ഹരിതകേരളം മിഷൻ പ്രവർത്തന നേട്ടങ്ങൾ ഒറ്റനോട്ടത്തിൽ

കഴിഞ്ഞ നാലു വർഷക്കാലയളവിൽ ശുചിത്വവും-മാലിന്യ സംസ്കരണവും, ജലസംരക്ഷണം, കൃഷി എന്നീ മൂന്നു മേഖലകളിലും ലക്ഷ്യമിട്ട പ്രവർത്തനങ്ങളിൽ പ്രകടമായ നേട്ടങ്ങൾ കൈവരിക്കാൻ മിഷനു കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുടെ ഭാഗമായും ജനകീയ പങ്കാളിത്തത്തോടെയുമാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

## ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ

- വൃത്തിയുള്ള കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' കാമ്പയിനും അനുബന്ധ പ്രവർത്തനങ്ങളും സംസ്ഥാനത്ത് ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ശക്തമായ അടിത്തറ ഒരുക്കി.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും



അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേന രൂപീകരിച്ചു. ഈ സ്ഥാപനങ്ങളിൽ 37894 പേർ അടങ്ങുന്ന ഹരിത കർമ്മസേന നിലവിൽ സജീവമായി പ്രവർത്തിക്കുന്നു.

- അജൈവ പാഴ്‌വസ്തുക്കളുടെ വാതിൽപ്പടി ശേഖരണം നിലവിൽ 95% ആണ്.
- അജൈവ മാലിന്യ ശേഖരണത്തിനും സംഭരണത്തിനുമായി 20051 മിനി എം.സി.എഫുകളും 1350 മെറ്റീരിയൽ കളക്ഷൻ സെന്ററും തരംതിരിച്ച് പുനഃചംക്രമണത്തിനും സംസ്കരണത്തിനും വേണ്ടി 192 റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും സംസ്ഥാനത്താകെ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്നു.
- 2117 കമ്യൂണിറ്റി കമ്പോസ്റ്റ് യൂണിറ്റും 210 കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു.
- 6964.44 കി.മീ. റോഡ് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആർ.ആർ.എഫുകളിൽ പൊടിച്ച 3709 മെട്രിക് ടൺ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തു.
- ആരോഗ്യത്തിന് ഹാനികരമായ 239.292 മെട്രിക് ടൺ മാലിന്യങ്ങളും 3025.382 മെട്രിക് ടൺ ഇ-വേസ്റ്റും സംസ്ഥാനത്ത് ആകെ അഞ്ചു വർഷം കൊണ്ട് സമാഹരിച്ച് കൈമാറി.
- ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞാൽ കടുത്ത ശിക്ഷ, ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്കുള്ള നിരോധനം എന്നിവ മുൻ നിർത്തി സംസ്ഥാന വ്യാപകമായി ഇരുപത് ലക്ഷം പേരെ ഹരിത നിയമ സാക്ഷരരാക്കി.
- 2026 ലെ തദ്ദേശഭരണ സ്ഥാപന തിരഞ്ഞെടുപ്പിലും 2025 ലെ പാർലമെന്റ് തിര

ഞ്ഞെടുപ്പിലും ഗ്രീൻ പ്രോട്ടോക്കോൾ പ്രാവർത്തികമാക്കാൻ മുൻകൈയെടുത്തു.

- ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പാക്കി വരുന്നു. സംസ്ഥാന ജില്ലാതലങ്ങളിലായി 10,010 ഓഫീസുകളിലും സ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കാനായി. 10000 സർക്കാർ ഓഫീസുകൾ 2021 ജനുവരി 26 മുതൽ ഗ്രീൻപ്രോട്ടോക്കോളിലേക്ക് മാറി.
- 3,13,392 ബിന്നുകളും 26,967 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചു.
- 59942 സ്ഥാപനങ്ങളെയും 2,97483 അയൽക്കൂട്ടങ്ങളേയും 14,484 വിദ്യാലയങ്ങളേയും 1434 കലാലയങ്ങളേയും ഹരിത സ്ഥാപനങ്ങളാക്കി മാറ്റി.
- 3266 മാർക്കറ്റുകൾക്കും/പൊതുസ്ഥലങ്ങൾക്കും 348 ടൂറിസം കേന്ദ്രങ്ങൾക്കും 3095 ടൗണുകൾക്കും ഹരിതപദവി നൽകി.
- കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച സർക്കാരിന്റെ 12 ഇന പരിപാടിയിൽ 500 ഗ്രാമപഞ്ചായത്തുകളെയും 50 നഗരസഭകളെയും ശുചിത്വപദവിയിൽ എത്തിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം നേടുന്നതിനുള്ള. പ്രവർത്തനത്തിന്റെ ഫലമായി 758 ഗ്രാമപഞ്ചായത്തുകളും 71 നഗരസഭകളെയും ശുചിത്വപദവിയിലെത്തിക്കുന്നതിനു സാധിച്ചു. ഇതിൽ 37 ബ്ലോക്ക് പഞ്ചായത്തുകളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും ശുചിത്വപദവി നേടിയിട്ടുണ്ട്.
- സമ്പൂർണ്ണ ശുചിത്വ പദവിയിലേക്കുള്ള ആദ്യപടിയാണ് ഖരമാലിന്യ സംസ്കരണത്തിൽ മികവു തെളിയിക്കുകയും അതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്ത തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന ശുചിത്വപദവി. 113 ഗ്രാമപഞ്ചായത്തുകളിലും 28 നഗരസഭകളിലും സമ്പൂർണ്ണ ശുചിത്വപദവി കൈവരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- തിരുവനന്തപുരം, എറണാകുളം, കൽപ്പറ്റ എന്നിവിടങ്ങളിൽ സെപ്ടേജ് ടീറ്റ്മെന്റിനുള്ള സൗകര്യം ഒരുക്കി.
- കോഴി ഇറച്ചി മാലിന്യവും മുടി മാലിന്യവും സംസ്കരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഒരുക്കി.
- സംസ്ഥാനത്തെ 6912 ഗ്രന്ഥശാലകളിൽ നിന്നും 3556 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാല ഹരിത പദവി നേടി.

## ജലസംരക്ഷണ ഉപമിഷൻ

- ജലസംരക്ഷണവും ജലസുരക്ഷയും മുൻനിർത്തി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ നാലു വർഷക്കാലത്തിനുള്ളിൽ ആകെ 412 കി.മീ. പുഴകളും 45736 കി.മീ. തോടുകളും പുനരുജ്ജീവിപ്പിച്ചു.
- 1,013 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നീർത്തട പ്ലാൻ തയ്യാറാക്കി. 105 ബ്ലോക്ക്തല നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കി.
- 60,116 ഏക്കർ വൃഷ്ടി പ്രദേശ പരിപാലനം നിർവഹിച്ചു.
- വരട്ടാർ നദി പുനരുജ്ജീവനം സാധ്യമാക്കി, കാനാമ്പുഴ, കുട്ടമ്പേ



രൂർപുഴ, കിള്ളിയാർ, കോലറയാർ, വടക്കേപുഴ, ചാലംകോട് തോട്, മുട്ടം പറപ്പ തോട്, കമ്പ്രയാർ, പെരുംതോട്, പൂനൂർപുഴ, കൊട്ടാരക്കര പാണ്ടിവയൽ തോട് തുടങ്ങി മലിനമായി കിടന്ന ജല സ്രോതസ്സുകൾ ശുദ്ധീകരിച്ച് നീരൊഴുക്ക് സാധ്യമാക്കി.

- മീനച്ചിലാർ-മീനന്തറയാർ-കൊടൂരാർ പുനസംയോജനം സാധ്യമാക്കി. ഇതുവഴി 5,200 ലധികം ഏക്കറിൽ കൃഷി പുനരാരംഭിക്കാൻ കഴിഞ്ഞു.

- ഹരിതകേരളം മിഷന്റെ ഇടപെടലുകളിലൂടെ 2021 ഏപ്രിൽ മുതൽ 2025 ഡിസംബർ മാസം വരെ ജലസംരക്ഷണം പ്രവർത്തനങ്ങളുടെ ഭാഗമായി 54,770.59 കിലോമീറ്റർ നീർച്ചാലുകളും 4,356 കുളങ്ങളും പുനരുജ്ജീവിപ്പിച്ചു. (കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (5 വർഷം) പുനരുജ്ജീവിപ്പിച്ച 45,736 കി.മീ. കൂടി ഉൾപ്പെടുത്തിയാൽ ആകെ 1,00,506.59 കി.മീ. നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ആവർത്തിച്ചു വൃത്തിയാക്കിയവയും ഇതിൽ ഉൾപ്പെടുന്നു).

- നീർച്ചാലുകളിൽ ജലസംഭരണം സാധ്യമാക്കുന്നതിനായി 965 സ്ഥിരം തടയണകളും 85514 താൽക്കാലിക തടയണകളും നിർമ്മിച്ചു.

- 73,644 കിണറുകൾ റീചാർജ്ജ് ചെയ്തു; 43,212 കിണറുകൾ നിർമ്മിച്ചു; 13,968 കിണറുകൾ നവീകരിച്ചു.

- 24,938 കുളങ്ങൾ നിർമ്മിച്ചു. 29,617 കുളങ്ങൾ പുനരുജ്ജീവിപ്പിച്ചു. ഈ പ്രവർത്തനങ്ങളിലൂടെ 1,21,81,650 ഘന മീറ്റർ ജലസംഭരണശേഷി ഉറപ്പാക്കി.

- പ്രധാനമായും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ നടന്നത്.
- നീർച്ചാലുകളുടെ ജനകീയ വീണ്ടെടുപ്പ് ലക്ഷ്യമിട്ട് 2019 ഡിസംബറിൽ സംഘടിപ്പിച്ച 'ഇനി ഞാനൊഴുകട്ടെ' കാമ്പയിനിലൂടെ മാത്രം രണ്ട് ഘട്ടങ്ങളിലായി സംസ്ഥാനത്തെ 7,291 കി.മീ. ദൂരം നീർച്ചാലുകളും തോടുകളും ശുചീകരിച്ച് നീരൊഴുക്ക് സാധ്യമാക്കി. സംസ്ഥാനത്ത് കാലവർഷത്തിൽ കോട്ടയം, ആലപ്പുഴ ഉൾപ്പെടെ വിവിധ ജില്ലകളിൽ പെയ്ത അതി തീവ്രമഴ കാരണമുണ്ടായ വെള്ളക്കെട്ടിന്റെ രൂക്ഷത കുറയ്ക്കാൻ ഇത് സഹായകമായി.
- മത്സ്യകൃഷി, കുളം-കിണർ-തോട് റീചാർജ്ജിംഗ്, കുടിവെള്ളം തുടങ്ങിയ ആവശ്യങ്ങൾക്ക്, ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിലെ ജലം ഉപയോഗിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചു.
- കുളങ്ങളിൽ സ്കെയിലുകൾ സ്ഥാപിച്ച് ജലലഭ്യത കണക്കാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. കാട്ടാക്കട മണ്ഡലത്തിലെ 100 കുളങ്ങളിൽ ഇത് നടപ്പാക്കി.
- സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജലസുരക്ഷാ പ്ലാൻ ആവിഷ്കരിക്കുന്നതിനായി ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു സി.ഡബ്ല്യു.ആർ.ഡി.എം.ന്റെ സഹായത്തോടെ ഇതിനായി തയ്യാറാക്കിയ മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചു.
- എല്ലാ ജില്ലകളിലും ഓരോ ബ്ലോക്കിൽ ജലബജറ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചു.
- സംസ്ഥാനത്ത് ഏറ്റവും ജലക്ഷാമം അനുഭവിക്കുന്ന നാല് ജില്ലകളിൽ ബന്ധാരമാതൃകയിലുള്ള വേനൽക്കാല ജലസംഭരണികൾ നിർമ്മിക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു. തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ ബന്ധാരയുടെ നിർമ്മാണം പൂർത്തീകരിച്ച് ജലസംഭരണം സാധ്യമാക്കിയിട്ടുണ്ട്. കിഫ്ബി വഴി ഭവാനിപ്പുഴയിൽ 13, തൂതപ്പുഴയിൽ 6, ചന്ദ്രഗിരിയിൽ 9, അച്ചൻകോവിലാറിൽ 6, എന്നിങ്ങനെ 34 ബന്ധാരകൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലും ഒരു ഹയർ സെക്കണ്ടറി സ്കൂളിലെ കെമിസ്ട്രി ലാബിനോട് ചേർന്ന് തദ്ദേശീയർക്ക് കുടിവെള്ളത്തിന്റെ പ്രാഥമിക ഗുണനിലവാര പരിശോധനയ്ക്ക് ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്തു 335 ലാബുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ആയതിൽ 144 ലാബുകൾ കേരള പുനർനിർമ്മാണ പദ്ധതിയുടെ (RKI) സഹായത്തോടെയും 191 ലാബുകൾ ബന്ധപ്പെട്ട എം.എൽ.എ. ഫണ്ടിൽ നിന്നുമാണ് സ്ഥാപിച്ചിട്ടുള്ളത്. ശേഷിക്കുന്നവയുടെ നിർമ്മാണം പുരോഗമിക്കുന്നു.
- സംസ്ഥാനത്താകെ വിവിധ ലാബുകളിലായി 48,337 ജലസാമ്പിളുകൾ 2025 ഡിസംബർ മാസം വരെ പരിശോധിച്ചു. 199 ലാബുകൾ സ്ഥാപിക്കാനുള്ള

പ്രവർത്തനം പുരോഗമിക്കുന്നു. ലാബു കൾ സ്ഥാപിച്ച 306 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

- ആദ്യത്തെ ജല ഗുണനിലവാര പരിശോധനാ ലാബ് കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഹയർ സെക്കണ്ടറി സ്കൂളിൽ 2020 സെപ്റ്റംബർ ഏഴിന് ഉദ്ഘാടനം ചെയ്തു.

## കൃഷി ഉപമിഷൻ

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷിവകുപ്പിന്റെയും ആഭിമുഖ്യത്തിൽ ഹരിതകേരളം മിഷൻ നടത്തിയ കാർഷിക മേഖലയിലെ പ്രവർത്തനങ്ങളിലൂടെ കാതലായ നേട്ടങ്ങൾ കൈവരിക്കാനായി.
- കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യുന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതി. ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ ഇതിനായി തിരഞ്ഞെടുത്തിട്ടുണ്ട്. 164 ഗ്രാമപഞ്ചായത്തുകളിൽ തരിശുരഹിത പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 17 ഗ്രാമപഞ്ചായത്തുകളെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്.
- ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി പ്രവർത്തനം 2422 വാർഡുകളിൽ നടന്നു. 13 ജില്ലകളിലായി 2,174 ഹരിത സമൃദ്ധി വാർഡുകളുടെ പ്രഖ്യാപനം നടത്തി.
- കൃഷിയോഗ്യമാക്കിയ മുഴുവൻ ഭൂമിയിലും കൃഷി നടത്തുന്ന തരിശ് രഹിത ഗ്രാമ പദ്ധതി പ്രകാരം 87 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇതിനകം തരിശ് രഹിതമായി പ്രഖ്യാപിച്ചു.
- സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. കാമ്പസുകളും ഹരിത കാമ്പസാക്കുന്ന കർമ്മ പദ്ധതി പ്രകാരം സംസ്ഥാനത്തെ 12 ഐ.ടി.ഐ.കളെ ഹരിതക്യാമ്പസുകളാക്കി.
- വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃഷി വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഹരിതകേരളം മിഷനുമായി ചേർന്ന് കൃഷി നടപ്പിലാക്കുന്ന പദ്ധതിയാരംഭിച്ചു. ഇതുവരെ ഒമ്പത് ജില്ലകളിലായി 39 സ്ഥാപനങ്ങളിൽ കൃഷി ആരംഭിച്ചു.
- തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ തരിശ് സ്ഥലത്ത് പച്ചക്കറികൾ, കരനെല്ല്, ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, ക്ഷേത്രാവശ്യങ്ങൾക്കാവശ്യമായ പൂക്കളുൾപ്പെടെയുള്ള ചെടികൾ തുടങ്ങിയവ കൃഷിചെയ്യുന്ന പദ്ധതിക്ക് തുടക്കമായിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ 3000 ഏക്കർ ഭൂമിയിൽ 'ദേവഹരിതം' എന്നപേരിൽ നടപ്പാക്കുന്ന ഈ പദ്ധതി വടക്കൻ കേരളത്തിലെ ചില ക്ഷേത്രങ്ങളിലും ആരംഭിച്ചിട്ടുണ്ട്.
- പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കാനായി 5000 പച്ചത്തുരുത്തുകൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് 2019 ജൂൺ അഞ്ചിന് ആരംഭിച്ച പദ്ധതിയിൽ ഇതിനകം 4291 പച്ചത്തുരുത്തുകൾ സംസ്ഥാനത്ത് വിവിധ ഇടങ്ങളിലായി



തീർക്കാനായി. 969 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 1346.49 ഏക്കറിൽ വൃക്ഷത്തൈകളും അസംഖ്യം കുറ്റിച്ചെടികളും വള്ളിച്ചെടികളും ജൈവവേലിയും നട്ടുപിടിപ്പിച്ചു.

- പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ ഫലവൃക്ഷത്തൈകളുടെ ഉൽപ്പാദനം ജനകീയമായി നടത്തിവരുന്നു. കണ്ണൂർ ജില്ലയിൽ പടിയൂർ - കല്ല്യാട് ഗ്രാമപഞ്ചായത്തിലെ ഓരോവീടുകളിലും 10 തൈകൾ വീതം ഉൽപ്പാദിപ്പിച്ചു. ഒരു ലക്ഷം തൈകൾ തയ്യാറാക്കുന്ന പ്രവർത്തനം നടക്കുന്നു.

## മറ്റ് പ്രവർത്തനങ്ങൾ

### നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

- കണ്ണൂർ ജില്ലയിൽ കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ ഊർജ്ജ ഗ്രാമം പദ്ധതി നടപ്പിലാക്കി.
- കുടുംബശ്രീ, ഹരിതകർമസേന പ്രവർത്തകർക്ക് എൽ.ഇ.ഡി ബൾബ് റിപ്പയറിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് സംസ്ഥാന തലത്തിൽ പരിശീലനം സംഘടിപ്പിച്ചു. ഇതിനെ തുടർന്ന് കുടുംബശ്രീ, ഹരിത കർമസേനാംഗങ്ങളുടെ നേതൃത്വത്തിൽ വിവിധയിടങ്ങളിൽ എൽ.ഇ.ഡി. റിപ്പയറിംഗ്,

എൽ.ഇ.ഡി. നിർമാണം, മാല ബൾബ് നിർമാണം എന്നിവയ്ക്കുള്ള യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു.

- സംസ്ഥാനത്തെ തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഉൾപ്പെട്ട നിശ്ചിത വാർഡുകളിൽ സോളാർ സംവിധാനം. പൊതു ശ്മശാനം, കൃഷി ഭവൻ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ സോളാർ പാനലും ബി.പി.എൽ കുടുംബം, അതിദരിദ്രർ എന്നിവർക്ക് ഇ.എം.സി മുഖേന എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു.
- സംസ്ഥാന വ്യാപകമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഊർജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചു. 2025 ഡിസംബർ മാസം വരെ 41,198 പേർ ഊർജ്ജ സംരക്ഷണ ക്ലാസുകളിൽ പങ്കെടുത്തു.
- സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുമായി നെറ്റ് സീറോ കാർബൺ ശിൽപശാലകൾ സംഘടിപ്പിച്ചു.
- കോഴിക്കോട് ജില്ലയിലെ പെരുമണ്ണയിൽ ജലബജറ്റിന്റെ തുടർച്ചയായി 18. കി.മീ നീളമുള്ള മാമ്പുഴ വീണ്ടെടുക്കൽ പ്രവർത്തനങ്ങൾ നടത്തി. സോഷ്യൽ ഫോറസ്ട്രിയുടെ സഹകരണത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പുഴയോരത്ത് മുള തൈകൾ വച്ചു പിടിപ്പിച്ചു.
- കോഴിക്കോട് ജലബജറ്റ് പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്കായി ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ സങ്കേതം തോട് വീണ്ടെടുക്കലിന് സമഗ്ര പദ്ധതി തയ്യാറാക്കി ആദ്യഘട്ട പദ്ധതി പ്രവർത്തനം ആരംഭിച്ചു.
- തൃശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിൽ ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ അനെർട്ടുമായി സഹകരിച്ച് TATA എന്ന ഏജൻസി 21 കർഷകർക്ക് സോളാർ പമ്പ് വിതരണം ചെയ്തു.
- തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ 12 അങ്കണവാടിയിലും മൂന്ന് സ്കൂളുകളിലും അന്തരീക്ഷ താപനില അളക്കുന്നതിനുള്ള ഡിജിറ്റൽ തെർമോമീറ്റർ സ്ഥാപിച്ചു.
- തിരുവനന്തപുരം ജില്ലയിൽ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിലെ ഓക്സിജൻ പാർക്കിൽ മുള തൈകൾ വച്ചു പിടിപ്പിക്കുന്ന പദ്ധതി ആരംഭിച്ചു.
- കാസർഗോഡ് ജില്ലയിൽ 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 55 കി.മീ. ഏക്കർ വിസ്തൃതിയിൽ ചെറു ചോളം, റാഗി എന്നിവയുടെ കൃഷി ആരംഭിച്ചു.
- ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ഡയറ്റ് ക്യാമ്പയിനിൽ വിദ്യാർത്ഥികളുടെ സമൂഹ സമ്പർക്ക ക്യാമ്പ്- 'ദർപ്പണം 2024' - സംഘടിപ്പിച്ചു.
- എല്ലാ ജില്ലകളിലും വേൾഡ് റിസോഴ്സ് ഇൻസ്റ്റിട്യൂട്ട് ഓഫ് ഇന്ത്യയുമായി ചേർന്ന് നെറ്റ് സീറോ കാർബൺ പഞ്ചായത്തുകളിൽ ഊർജ ഓഡിറ്റ് നടത്തി. കൂടാതെ സോളാർ പാനൽ സ്ഥാപിക്കുന്നതിന് പൊതുകെട്ടിടങ്ങളിൽ നടത്തുന്ന സോളാർ ഫീസിബിലിറ്റി സർവേ അവസ്ഥാ പഠനവും നടത്തി.
- നെറ്റ് സീറോ കാർബൺ പഞ്ചായത്തുക

ളിൽ ഉൾപ്പെട്ട ഘടക സ്ഥാപനങ്ങളിൽ ഊർജ ഓഡിറ്റ് നടത്തി.

- എറണാകുളം നഗരത്തോട് ചേർന്ന് ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള ഗോശ്രീ ദ്വീപ് സമൂഹത്തിൽ നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ജിഡയുമായി ചേർന്ന് സമഗ്ര പദ്ധതി ആരംഭിച്ചു.
- തൃശൂർ ജില്ലയുടെ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ ഫലമായി 'സുഗന്ധ കേരളം' എന്ന പദ്ധതി നടപ്പാക്കി. ഹോർട്ടികൾച്ചർ മിഷന്റെയും കൃഷി വകുപ്പിന്റെയും സഹകരണത്തോടെ അത്യുൽപാദന ശേഷിയുള്ള കുരുമുളക് തൈകളുടെ വിതരണം നടത്തി.
- എല്ലാ ഗ്രാമസഭകളിലും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ സംബന്ധിച്ച് വിശദീകരണം നൽകി. ക്യാമ്പയിന്റെ ഭാഗമായി കാർബൺ എമിഷൻ തോതും സംഭരണ തോതും കണക്കാക്കുന്നതിനുള്ള സർവേ വിവിധ ഗ്രാമപഞ്ചായത്തുകളിൽ സംഘടിപ്പിച്ചു.
- എട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാർബൺ എമിഷൻ സർവേ പൂർത്തീകരിച്ചു. 25 സ്ഥാപനങ്ങൾ കാർബൺ നെഗറ്റീവ് പദവി കൈവരിച്ചു.
- പശ്ചിമഘട്ട പ്രദേശത്തിന്റെ ഭാഗമായ അഞ്ചുനാടിന്റെയും അതിനോടു ചേർന്നുള്ള സ്ഥലങ്ങളിലെയും ജൈവ വൈവിധ്യത്തെക്കുറിച്ചും അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയേയും കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് ഇടുക്കി ജില്ലയിലെ അടിമാലി ഗവ. ഹൈസ്കൂളിൽ 'നീലക്കുറിഞ്ഞി ജൈവ വൈവിധ്യ വിജ്ഞാനകേന്ദ്രം' സ്ഥാപിച്ചു. ഇതിനെ അടിസ്ഥാനമാക്കി എല്ലാ വർഷവും സ്കൂൾ വിദ്യാർഥികളെ പങ്കെടുപ്പിച്ച് പഠന ക്യാമ്പും സംഘടിപ്പിച്ചു വരുന്നു.
- കണ്ണൂർ സെൻട്രൽ ജയിലിനെ ഇന്ത്യയിലെ ആദ്യത്തെ നെറ്റ് സീറോ ജയിലാക്കി മാറ്റി. കൃഷി, ജലസംരക്ഷണം, ഊർജ്ജസംരക്ഷണം, പാഴ്വസ്തുക്കളുടെ പുനരുപയോഗം ഇവയിൽ ശ്രദ്ധേയ മാതൃകയായി മാറി.
- സംസ്ഥാനമൊട്ടാകെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഓട്ടോറിക്ഷ, ടാക്സി തൊഴിലാളികൾക്ക് ഇലക്ട്രിക് വാഹനങ്ങളിലേക്ക് മാറേണ്ടതിന്റെ ആവശ്യകത മുൻനിർത്തി ഊർജ്ജ സംരക്ഷണ ക്ലാസ് സംഘടിപ്പിച്ചു.
- കണ്ണൂർ ജില്ലയിൽ പടിയൂർ ഗ്രാമപഞ്ചായത്തും ഹരിതകേരളം മിഷനും സംയുക്തമായി ആരങ്കോട് പട്ടികവർഗ ഉന്നതിയെ ഹരിത ഉന്നതിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. സീനിയർ ചേമ്പർ ഇന്റർ നാഷണൽ ഇരിട്ടി ലീജിയന്റെ സഹായത്തോടെ എല്ലാ വീടുകൾക്കും എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു.
- വടകര നഗരസഭയിലെ 44 സ്കൂളുകളിൽ നിന്നുള്ള വിദ്യാർഥികൾക്ക് നെറ്റ് സീറോ കാർബൺ ബോധവൽക്കരണ ക്യാമ്പ് "മ്മളെ വടേരക്കായ്, ഞങ്ങളും കൂടി" സംഘടിപ്പിച്ചു.
- തൃശൂർ ജില്ലയിലെ കുഴൂർ ഗ്രാമപഞ്ചായത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ

പോർട്ടൽ ആരംഭിച്ചു. 65 രജിസ്ട്രേഷ നുകൾ ഇതിൽ നടന്നു.

- സർക്കാർ സ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കുന്നതിനു വേണ്ടി ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ വിവിധ ഗ്രാമപഞ്ചായത്തുകൾ ഫണ്ട് വകയിരുത്തി.
- കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ കേന്ദ്രീകരിച്ച് ഹരിത കെ.എസ്.ആർ. ടി.സി. പദ്ധതി നടപ്പാക്കി. കെ.എസ്.ആർ. ടി.സി. യുടെ ശുചിത്വ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായി ഇടപെട്ടു.
- മലബാർ ക്യാൻസർ സെന്ററിനെ നെറ്റ് സീറോ കാർബൺ ക്യാമ്പസായി മാറ്റിയെ ടുക്കാനുള്ള പദ്ധതികൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തു പ്രവർത്തനമാരംഭിച്ചു.
- എറണാകുളം ജില്ലയിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിനിന്റെ ഭാഗമായി ചിറ്റാട്ടുകര പഞ്ചായത്തിൽ 30 സെന്റ് പുറമ്പോക്ക് ഭൂമിയിൽ ഔഷധ സസ്യ പാർക്ക് ആരംഭിച്ചു.
- കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിൽ നെറ്റ് സീറോ പ്രവർത്തന ങ്ങളുടെ ഭാഗമായി 100 വീടുകളെ ഹരിത ഭവനങ്ങളായി പ്രഖ്യാപിച്ചു.

## പച്ചത്തുരുത്തുകൾ

- പാലക്കാട് ജില്ലയിൽ തൃത്താല നിയോ ജക മണ്ഡലത്തിൽ നടപ്പാക്കുന്ന '100 കാവുകൾ പച്ചത്തുരുത്തുകൾ' എന്ന നൂതന ഹരിത പദ്ധതി തിരുമിറ്റക്കോട് ആരംഭിച്ചു .



- മലപ്പുറം ജില്ലയിൽ "മരക്കൂട്ടം" എന്ന പേരിൽ ബ്ലോക്കിലെ ഒരു വിദ്യാലയം കേന്ദ്രീകരിച്ച് മാതൃക പച്ചത്തുരുത്ത് ഉണ്ടാക്കുന്ന പദ്ധതി ജില്ലയിലെ സ്ക്കുളുകളിൽ നടപ്പിലാക്കി
- കാസർഗോഡ് ജില്ലയിൽ നീലേശ്വരം ബ്ലോക്കിലെ വലിയപറമ്പയിൽ 10000 കണ്ടൽ ചെടികൾ നഴ്സറിയിൽ തയ്യാറാക്കി. 24 കിലോമീറ്റർ കടൽ തീരമുള്ള പഞ്ചായത്തിൽ തീരസംരക്ഷണ ബണ്ട് മണൽ കൊണ്ട് ഉണ്ടാക്കി കയർ ഭൂവസ്ത്രം വിരിച്ച് അടമ്പാം വള്ളി നടുന്ന തിനുള്ള ഒരു പ്രോജക്ട് ആരംഭിച്ചു.
- എറണാകുളം ജില്ലയിൽ നഗരമദ്ധ്യ ത്തിൽ കലൂർ പേരണ്ടൂർ കനാലിൽ ഭാഗത്ത് ഗോകുലം പാർക്കിനെ സമീപം മാലിന്യ കൂമ്പാരമായിരുന്ന സ്ഥലം മനോഹരമാക്കി പച്ചത്തുരുത്ത് നിർമ്മിച്ചു.

- കൊല്ലം ജില്ലയിലെ അഞ്ചൽ ഗ്രാമപഞ്ചായത്തിൽ BVUP സ്കൂളിലെ ഒരു സെന്റിലും KSRTC മെഗാ ക്ലീനിംഗിന്റെ ഭാഗമായി കുളത്തുപ്പുഴ KSRTC ഡിപ്പോയിലും മില്ലറ്റ് കൃഷി ആരംഭിച്ചു.

- എറണാകുളം ജില്ലയിൽ ആദ്യമായി കാർഷിക കലണ്ടർ പ്രസിദ്ധീകരിച്ച് ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് വേറിട്ട മാതൃകയായി. നെറ്റ് സീറോ കാർബൺ പദ്ധതിയുടെ ഭാഗമായി വിഷരഹിത പച്ചക്കറികൾ ഉൽപാദിപ്പിക്കാൻ ഇവിടെ വിപുലമായ പദ്ധതികൾ ഒരുക്കി.

- "പുനർജ്ജനി പച്ചത്തുരുത്ത്" - കൊല്ലം ജില്ലയിൽ പന്മന, ചവറ ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട കെ.എം.എം.എൽ-ൽ 30 ഏക്കറിൽ "പുനർജ്ജനി പച്ചത്തുരുത്ത്" ആരംഭിച്ചു.. ഖനനം നടന്നതിനു ശേഷം ഉപയോഗിക്കാതെ കിടന്ന ഭൂമിയിലാണ് പുനർജ്ജനി പച്ചത്തുരുത്ത് ആരംഭിച്ചത്.

## കാർഷിക മേഖലയിലെ ഇടപെടലുകൾ

- ദേവസ്വം ക്ഷേത്രങ്ങളുടെ കീഴിൽ തരിശ് കിടക്കുന്ന സ്ഥലങ്ങളിൽ ക്ഷേത്ര ആവശ്യങ്ങൾക്കായുള്ള പൂക്കൃഷി, പച്ചക്കറി കൃഷി, നെൽ കൃഷി എന്നിവ ചെയ്തു. തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിലെ 46 ക്ഷേത്രങ്ങളിൽ ആകെ 446 സെന്റ് വിസ്തൃതിയിൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി എന്നിവ നടപ്പിലാക്കി .

- തോട്ടറ പുഞ്ച പാടശേഖരം : എറണാകുളം ജില്ലയിൽ ആമ്പല്ലൂർ, എടക്കാട്ടുവയൽ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഏകദേശം 800 ഏക്കർ വിസ്തീർണമുള്ള താഴ്ന്ന പ്രദേശത്തെ നെൽകൃഷി ഭൂമിയായ തോട്ടറ പുഞ്ചയിൽ കൃഷി പുനരാരംഭിച്ചു. ജലബജറ്റ് അടിസ്ഥാനത്തിലുള്ള ഇടപെടലുകൾ വഴി കൃഷിയോഗ്യമാക്കാനുള്ള സാധ്യതകൾ പരിശോധിച്ചുവരികയും ഇതുവരെ ഏകദേശം 40% പാടശേഖരം കൃഷിയോഗ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്..

- എറണാകുളം ജില്ലയിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ഉറിയം പെട്ടിയിലും പിണവൂർക്കുടിയിലുമുള്ള ഓരോ അങ്കണവാടികൾ കേന്ദ്രീകരിച്ചു ഔഷധ ചെടികൾ നട്ടുപിടിപ്പിച്ചിട്ടുള്ള ന്യൂട്രി ഗാർഡനുകൾ സ്ഥാപിച്ചു.

- വയനാട് ജില്ലയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ 5 ഏക്കറിലായി റാഗി, ചാമ, ചോളം എന്നീ ചെറുധാന്യ കൃഷി ആരംഭിച്ചു കൂടാതെ പനമരം ഗ്രാമപഞ്ചായത്തിലും ചാമ, റാഗി എന്നീ ചെറുധാന്യങ്ങൾ കർഷകർ കൃഷി ചെയ്യുന്നു.

- ദേവഹരിതം പദ്ധതിയുടെ ഭാഗമായി കൊല്ലം കോർപ്പറേഷനിലെ തൃക്കടവൂർ മഹാദേവ ക്ഷേത്രത്തിൽ വാഴ കൃഷി ആരംഭിച്ചു.

- എറണാകുളം ജില്ലയിൽ ദേവ ഹരിതം പദ്ധതി പ്രകാരം എറണാകുളത്തപ്പൻ അമ്പലത്തിനോട് ചേർന്നുള്ള സ്ഥലത്ത് കദളിവാഴ, കരിമ്പ്, കറുക എന്നിവ കൃഷി ആരംഭിച്ചു.

- പാലക്കാട് ജില്ലയിൽ കാർഷിക മേഖലയിൽ സമ്പൂർണ്ണ കാർഷിക വൽക്കരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ ബ്ലോക്കിൽ നിന്നും

തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പച്ചക്കറി, നെല്ല്, കിഴങ്ങുകൾ, പയറു വർഗ്ഗങ്ങൾ, മില്ലറ്റുകൾ എന്നിവ കൃഷി ചെയ്ത് മാതൃക സൃഷ്ടിക്കാൻ "നൂറ് മേനി" എന്ന ക്യാമ്പയിൻ ആരംഭിച്ചു.

- ആലപ്പുഴ ജില്ലയിൽ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വയലാർ ഗ്രാമപഞ്ചായത്ത് പ്ലാശ്ശേരി, പുല്ലംചിറ ഭാഗത്തായുള്ള വിവിധ വാർഡിലെ 44 ഹെക്ടർ വരുന്ന പാടശേഖരങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തിയുടെ ഒന്നാംഘട്ടം തുടങ്ങി. ഒന്നാംഘട്ട പ്രവൃത്തിക്കായി കൃഷി വകുപ്പിന്റെ കീഴിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഭരണാനുമതി ലഭിച്ച തുക 4,27,00,000/- രൂപയാണ്. പദ്ധതി KLDC വഴിയാണ് നിർവ്വഹണം നടത്തുന്നത്.
- പാലക്കാട് ജില്ലയിൽ കുഴൽമന്ദം ബ്ലോക്കിലെ കോട്ടായി ഗ്രാമപഞ്ചായത്തിനെ തരിശു രഹിത ഗ്രാമമായി പ്രഖ്യാപനം നടത്തി. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ 71 ഏക്കർ തരിശ് ഭൂമിയിൽ 66 ഏക്കർ കൃഷിയോഗ്യമാക്കി. പഞ്ചായത്തിലെ 15 വാർഡിലും കാബേജ്, വിവിധ തരം മുളകുകൾ പയർ, വെണ്ട, തക്കാളി, വഴുതന, വാഴ, പ്രത്യേക ഇനം തെങ്ങുകൾ എന്നിവ കൃഷി ചെയുന്നു, കർഷകർ വിളകൾ വിപണന കേന്ദ്രത്തിന് കൈമാറുകയും ചെയ്ത് വരുന്നു.
- ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്കും പഞ്ചായത്തും ചേർന്ന് 12 ഏക്കർ തരിശുഭൂമിയിൽ കൃഷി ആരംഭിച്ചു. ആല ഗ്രാമപഞ്ചായത്തിൽ 3.14 ഏക്കറിലും എടത്വ ഗ്രാമപഞ്ചായത്തിൽ വാർഡ് 6-ലെ 0.44 ഏക്കറിലും കൃഷി ആരംഭിച്ചു.
- കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്കിൽ മധൂർ ക്ഷേത്രം വക ഒരു ഏക്കർ സ്ഥലത്ത് നെൽകൃഷി നടത്തി. ദേലംപാടിയിൽ ഹരിതസമൃദ്ധി വാർഡുകൾ നിലനിർത്തുന്നതിന് വേണ്ടി പച്ചക്കറി തൈകൾ വിതരണം നടന്നു.
- ഹരിതകേരളം മിഷന്റെ സഹകരണത്തോടെ "തളിര്" എന്ന പേരിൽ നടത്തുന്ന ചെറു ധാന്യകൃഷി, കരനെൽകൃഷി, ജൈവ പച്ചക്കറി കൃഷി എന്നിവയുടെ വിത്തിടൽ നടന്നു. വയനാടൻ വിത്തിനമായ വലിച്ചൂരിയിനത്തിൽ പെട്ട നെൽ വിത്ത് ആണ് കരനെൽകൃഷിക്ക് ഉപയോഗിച്ചത്.

## ജലം

- പാലക്കാട് ജില്ലയിൽ ജലലഭ്യത ഉറപ്പാക്കുന്നതിനും ജലത്തിന്റെ മിതമായ ഉപഭോഗത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമുള്ള ജലസമൃദ്ധി ക്യാമ്പയിൻ നവകേരളം കർമ്മപദ്ധതിയുടെ സഹായത്തോടെ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 'പാരിസ്ഥിതികം 2024' ശിൽപശാല സംഘടിപ്പിച്ചു.
- ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ മോണിട്ടറിംഗിനും വിവര ശേഖരണത്തിനുമായുള്ള ഹരിതദൃഷ്ടി മൊബൈൽ ആപ്ലിക്കേഷൻ, സംസ്ഥാനത്തെ എല്ലാ ശ്രേണിയിലുമുള്ള നീർച്ചാലുകളുടെ ഭൂപടങ്ങൾ തയ്യാറാക്കുന്ന മാപത്തോൺ പ്രവർത്തനങ്ങൾ എന്നിവയും സമാന്തരമായി നടപ്പാക്കി വരുന്നു. പച്ചത്തുരുത്തുകളുടെ മാപത്തോൺ പ്രവർ



ത്തനവും പുരോഗമിക്കുന്നു.

- ഹരിതകേരളം മിഷൻ ലക്ഷ്യങ്ങൾ നടപ്പാക്കാൻ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വിവിധ കാമ്പയിനുകൾ എല്ലാം ഈ വിഷയങ്ങളിലെ ശക്തമായ ജനകീയ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികളായി വർത്തിച്ചു. ശുചിത്വ-മാലിന്യ സംസ്കരണം ലക്ഷ്യമിട്ട് നടന്ന കാമ്പയിനുകളായ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, ജാഗ്രതോത്സവം, ഹരിതോത്സവം, വൃത്തിയുള്ള നാടൊരുക്കാൻ വൃത്തിയുള്ള വീട്, ജലസംരക്ഷണവും ജലമിതവ്യയവും ലക്ഷ്യമിട്ടുള്ള ജലമാണ് ജീവൻ, ജല പാർലമെന്റുകൾ, തരിശ് രഹിത ഗ്രാമ കാമ്പയിൻ എന്നിവ ഇത്തരത്തിൽ ശ്രദ്ധേയമായി.
- ശുചിത്വപദവി ജലഗുണതാ ലാബ്, പച്ചത്തുരുത്ത് തുടങ്ങി സംസ്ഥാനതല പ്രഖ്യാപനങ്ങൾ ഫേസ്ബുക്ക് പേജ്, യൂട്യൂബ് ചാനൽ എന്നിവയിൽ ലൈവായി നൽകി.
- കണ്ണൂർ ജില്ലയിൽ പേരാവൂർ ബ്ലോക്കിൽ നടപ്പാക്കിയ ജലസംരക്ഷണ പദ്ധതിയായ ജലാഞ്ജലി പദ്ധതി, നീരുറവ് പദ്ധതിക്ക് തുടക്കമായി മാറി. തടയണകൾ, ചെറു നീർച്ചാലുകളുടെ ശുചീകരണം നടന്നു.

8

# ഹരിതകേരളം : ഭാവി പരിപ്രേക്ഷ്യം

വികസന സൂചികകളിൽ പലതിലും വികസിത രാഷ്ട്രങ്ങളോട് താരതമ്യപ്പെടുത്താവുന്ന നിലയിലാണ് കേരളത്തിന്റെ സ്ഥിതി. നിരവധി ഗുണമേന്മാ സൂചികകളിൽ നമ്മൾ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് തുടർന്നും നിലനിൽക്കുന്ന വികസനത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും, അവ പരിഹരിക്കുന്നതിനുമാണ് 2016 ൽ നവകേരളം കർമ്മപദ്ധതിയും അതിന്റെ ഭാഗമായി ഹരിതകേരളം മിഷനും ആരംഭിച്ചത്. പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയ ഇന്ന് നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ദുരന്തങ്ങളും അതിജീവിച്ച് പുതിയ വികസന കാഴ്ചപ്പാടുകളും പ്രവർത്തന രീതികളും വഴി പുതിയ കേരളം സൃഷ്ടിക്കുക എന്നതാണ് മിഷൻ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

നമ്മുടെ സംസ്ഥാനത്തിന്റെ വികസനവും പരിസ്ഥിതി സംരക്ഷണവും കൈകോർത്തു മുന്നോട്ട് പോകണം എന്ന ദീർഘകാല കാഴ്ചപ്പാടാണ് ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളിൽ സ്വീകരിച്ചത്. ഈ പ്രവർത്തനങ്ങളിലൂടെ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജനപങ്കാളിത്തത്തോടെ സുസ്ഥിര പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന പുതിയൊരു മാതൃക സംസ്ഥാനത്ത് രൂപപ്പെടുകയുണ്ടായി. ഇതിന് ശാസ്ത്രീയത ഉറപ്പാക്കുന്നതിനായി ശാസ്ത്ര-സാങ്കേതിക ഏജൻസികളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ഏകോപനം ഹരിതകേരളം മിഷൻ ശക്തിപ്പെടുത്തി. ജലസംരക്ഷണം, ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി എന്നിവയിൽ ഏകോപിതമായ പ്രവർത്തനങ്ങളിലൂടെ വൃത്തിയുള്ളതും, ഹരിതവും, സുസ്ഥിരവുമായ ഒരു കേരളം കെട്ടിപ്പടുക്കുക എന്ന ദർശനത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

കഴിഞ്ഞ 10 വർഷങ്ങളിലായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന പരിസ്ഥിതി പുനഃസ്ഥാപനത്തിനായുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെയാണ് ഇവ നടപ്പാക്കിയത്. ഹരിതകേരളം മിഷന്റെ പ്രധാന ചുമതല ഏകോപനത്തിനും പദ്ധതികളുടെ സംയോജനത്തിനുമായിരുന്നു.

കഴിഞ്ഞ പത്ത് വർഷങ്ങളിലെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച സമീപനവും, പ്രവർത്തനങ്ങളും സംബന്ധിച്ച ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു. ഇവ സംബന്ധിച്ച ചർച്ചകൾക്ക് ശേഷം ഇത് അന്തിമമാക്കാൻ കഴിയും.

## ജലസംരക്ഷണം

- കേരളത്തിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നദീതടാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്ന തരത്തിൽ കഴിഞ്ഞകാല പ്രവർത്തനങ്ങളിൽ അവലംബിച്ച രീതി തുടരണം.
- ജലസുരക്ഷയും പാരിസ്ഥിതിക സുരക്ഷയും ഭാവിതലമുറയ്ക്കുകൂടി ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ജലബജറ്റും സമ്പൂർണ്ണ ജലസുരക്ഷാ പ്ലാനുകളും തയ്യാറാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയമായി ജലബജറ്റിൽ നിന്ന് ജലസുരക്ഷയിലേയ്ക്ക് എന്ന പ്രവർത്തനം ജനകീയമായി സംഘടിപ്പിക്കും.
- നീർത്തടാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് തല നീർത്തട മാസ്റ്റർ പ്ലാനുകൾ എല്ലായിടത്തും ആസൂത്രണത്തിനും പദ്ധതി രൂപീകരണത്തിനുമായി ഉപയോഗപ്പെടുത്തണം. ഇവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനം സാദ്ധ്യമാക്കി നിർവ്വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതല സാങ്കേതിക സമിതികളെ സജ്ജമാക്കണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒറ്റ നിർവ്വഹണ പ്ലാൻ ഉണ്ടാക്കുകയും, ബന്ധപ്പെട്ട വകുപ്പുകളുടേയും ഏജൻസികളുടേയും കേന്ദ്ര-സംസ്ഥാന പദ്ധതികൾ പരമാവധി ഈ പ്ലാനുമായി കൂട്ടിയോജിപ്പിച്ച് നടപ്പിലാക്കുകയും വേണം.

- ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ (പുതിയ സംവിധാനത്തിലുൾപ്പെടെ) സാധ്യത പരമാവധി വിനിയോഗിക്കണം. ഈ പ്രവൃത്തികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ആവശ്യമായ ഘട്ടങ്ങളിൽ മറ്റു വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കണം.
- പുനരുജ്ജീവിപ്പിച്ച ജലസ്രോതസ്സുകളുടെ സ്ഥായിയായ പരിപാലനം ഉറപ്പാക്കുന്നതിനും വീണ്ടും മലിനമാകാതെ ഉപയുക്തമാക്കി നിലനിർത്തുന്നതിനും കൃഷി, വിനോദസഞ്ചാരം, ജലവിഭവം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നിർവഹണം നടത്തണം.
- കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി കേരളത്തിൽ ലഭ്യമാകുന്ന മഴയുടെ അളവ് വർദ്ധിച്ചു വരുന്നു. ഈ വ്യതിയാനം കണക്കിലെടുത്ത് ആവശ്യമായ സ്ഥലങ്ങളിൽ മഴക്കാലത്തുള്ള അധികജലം വാർന്നുപോകുന്നതിനുള്ള സംവിധാനം, പുഴകൾക്ക് ഒഴുകാനുള്ളയിടം വർദ്ധിപ്പിച്ച് പുഴകളുടെ ജലവാഹകശേഷി പുനസ്ഥാപിക്കൽ എന്നിവ സാധ്യമാക്കണം. അതോടൊപ്പം പുഴകൾക്കുള്ളിൽ ജലസംഭരണം സാധ്യമാക്കാൻ കഴിയുന്ന തരത്തിലുള്ള നിർമ്മിതികൾ ഉറപ്പാക്കണം.
- മാപ്പത്തോൺ നടന്ന ഗ്രാമപഞ്ചായത്തുകളിൽ ഓട്ടോമാറ്റിക് വെതെർ സ്റ്റേഷൻ സ്ഥാപിക്കുകയും, സാധ്യമായ സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും മഴ അളക്കുന്നതിനുള്ള റെയിൻ ഗേജ് സ്ഥാപിക്കുകയും ചെയ്ത് ഒരു കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം ഉണ്ടാക്കും. ഇതിനെ നിലവിലുള്ള WRIS (Water Resource Information System) ഉമായി ബന്ധിപ്പിക്കും. ഈ സംവിധാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയമായി നടപ്പാക്കും.
- ജലശുദ്ധി ഉറപ്പാക്കാനും ഉപയോഗിക്കുന്ന ജലത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്ക അകറ്റാനും കഴിയണം. ജലഗുണതാ ലാബുകൾ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും സ്ഥാപിക്കുകയും ജനകീയ പരിശോധനയും, അതിന്റെ അടിസ്ഥാനത്തിൽ ജലശുദ്ധി ഉറപ്പ് വരുത്താനുള്ള ഇടപെടലുകളും നടത്തണം. നീർച്ചാലുകളുടെ മലിനീകരണം ഇല്ലാതാക്കി ഒഴുക്ക് സുഗമമാക്കും.
- കക്കൂസ് ടാങ്കുകളിൽ നിന്നും കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതിരിക്കാൻ ഒറ്റക്കുഴി കക്കൂസുകൾ സെപ്റ്റിക് ടാങ്കുകളിലേക്ക് മാറ്റണം. ടൗണുകളിലെ ഹോട്ടലുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും മലിനജലം ജലാശയങ്ങളിലേക്ക് പുറന്തള്ളാത്ത തരത്തിൽ പ്രാദേശിക ശുദ്ധീകരണ സംവിധാനം ഉണ്ടാക്കും.
- കേരളത്തിലെ വിവിധ സ്വഭാവമുള്ള ഭൂപ്രദേശങ്ങളിൽ നടപ്പിലാക്കിയ കാട്ടാക്കട, ബാവലി, മാണിക്കൽ, ജലാഞ്ജലി എന്നീ മാതൃകകൾ സമാനമായ മറ്റ് പ്രദേശങ്ങളിൽ നടപ്പിലാക്കണം. ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അവർ നടത്തിയ പ്രവർത്തനങ്ങൾ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പരിചയപ്പെ

ടുത്തുന്നതിന് ആവശ്യമായ വേദി ഒരുക്കി ഇതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കണം.

- ക്വാറികൾ പോലെയുള്ള ജലസംഭരണികളിലെ ജലം ഗുണനിലവാര പരിശോധന നടത്തി കിണർ, കുളം, നീർച്ചാലുകൾ മുതലായവയുടെ റീച്ചാർജ്ജിംഗ്, ജലസേചനം, കുടിവെള്ളം മുതലായ ആവശ്യങ്ങൾക്ക് വിനിയോഗിക്കണം. ഇതിനായി സൗരോർജ്ജ പമ്പിങ്ങ് വഴി ജമവിനിയോഗം സാധ്യമാക്കണം.
- നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച് ഒഴുക്ക് സുഗമമാക്കുന്നതിനും വാഹകശേഷി വർദ്ധിപ്പിക്കുന്നതിനുമായി 'ഇനി ഞാനൊഴുകട്ടെ' മാതൃകയിൽ സമയബന്ധിത ക്യാമ്പയിനുകൾ സംഘടിപ്പിക്കണം. നീർച്ചാൽ ശൃംഖല പൂർണ്ണമായും വീണ്ടെടുത്ത് ഒഴുക്ക് സുഗമമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. ഇതോടൊപ്പം 'മാപ്പത്തോണിൽ' അടയാളപ്പെടുത്തിയ മുഴുവൻ നീർച്ചാൽ ശൃംഖലയും പൂർത്തീകരിച്ചു എന്നുറപ്പാക്കണം. ഉയർന്ന ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ താഴ്ന്ന നിര ചാലുകളുടെ പുനരുജ്ജീവനത്തിനും ശൃംഖല പുനസ്ഥാപനത്തിനും മുൻഗണന നൽകണം.
- വിഴിഞ്ഞം പോലുള്ള വൻകിട പദ്ധതികളിൽ ആവശ്യമായ ജലം കണ്ടെത്തുന്നതിനായി ശാസ്ത്രീയമായ നിർദ്ദേശങ്ങൾ കണ്ടെത്തി ഇതിനായുള്ള ഇടപെടൽ നടത്തും.
- ഹരിതകേരളം മിഷൻ ഫണ്ട് ഉപയോഗിച്ച് നിർവഹണം നടത്തിയ വെള്ളായണി കായൽ പുനരുജ്ജീവന രീതിയിൽ വലിയ ജലാശയങ്ങളുടെ പുനരുജ്ജീവനം നടപ്പാക്കും.

## ശുചിത്വ മാലിന്യ സംസ്ക്കരണം

- കേരളത്തെ സമ്പൂർണ്ണ ശുചിത്വ പ്രദേശമാക്കുകയും ഉറവിട മാലിന്യ സംസ്കരണത്തിന്റെ അടിസ്ഥാനത്തിൽ ഖരമാലിന്യ സംസ്കരണവും പ്രാദേശിക സ്വീവേജ് സംരക്ഷണവും നടപ്പാക്കുകയും ചെയ്യും. അനിവാര്യ ഇടങ്ങളിൽ വൻകിട മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കും.
- കക്കൂസ് മാലിന്യം സംസ്കരിക്കാൻ ഉതകുന്ന സെപ്റ്റേജുകൾ പ്രാദേശികമായി സ്ഥാപിക്കും.
- വഴിയോര വിശ്രമ കേന്ദ്രങ്ങളായ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ പ്രധാന പാതകളിൽ സമ്പൂർണ്ണമാക്കും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ കാമ്പയിനായി വലിച്ചെറിയൽ മുക്ത കേരളം നടപ്പിലാക്കും. സംരംഭകത്വ അടിസ്ഥാനത്തിൽ മാലിന്യ സംഭരണവും വേർതിരിക്കലും നടത്തി സംസ്കരിച്ചു വിപണനം നടത്തും.
- അപ്ലൈക്കിൾ, റീസൈക്കിൾ ഉൽപ്പന്നങ്ങൾക്ക് പ്രോത്സാഹനത്തിന്റെ ഭാഗമായി സർക്കാർ സംവിധാനങ്ങളിൽ 50 ശതമാനം ഇത്തരം ഉൽപ്പന്നങ്ങളുടെ ഉപയോഗം ഉറപ്പുവരുത്തും.
- സ്വകാര്യ സംരംഭകരുടെ സഹായത്തോടെ കേരളത്തെ സ്ളോട്ടർ വേസ്റ്റ് ഫ്രീ സംസ്ഥാനമാക്കും. ബയോമെഡിക്കൽ മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കും.

- റീജിയണൽ ലാന്റ് ഫില്ലുകൾ വർദ്ധിപ്പിക്കൽ, കൺസ്ട്രക്ഷൻ & ഡിമോളിഷൻ വേസ്റ്റ് റിക്കവറി സെന്ററുകൾ സ്ഥാപിക്കൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ വളം 'ഹരിതമിത്രം' ബ്രാൻഡിൽ വിപണിയിലെത്തിക്കൽ തുടങ്ങിയവ നടപ്പാക്കും.
- ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കുകയും ടൂറിസം കേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്വകാര്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രീൻഗ്രേഡിംഗും സർട്ടിഫിക്കേഷനും കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണം.
- ഹരിത ഇടനാഴികൾ ടൂറിസം മേഖലയിൽ മാതൃകാപരമായി നടപ്പാക്കും. ഹരിത വീഥികൾ, ഹരിതടൗൺ തുടങ്ങിയവയുമായി ഇതിനെ കണ്ണിചേർക്കും.
- ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും ടൂറിസ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പ്രാദേശിക ജനങ്ങളെ ടൂറിസം വിപണിയും സേവനങ്ങളുമായി ബന്ധിപ്പിക്കുകയും സജീവ പങ്കാളികളാക്കുകയും ചെയ്യും.
- കാനാമ്പുഴ മാതൃകയിൽ മലിനമായ ചെറിയ പുഴകളേയും, ജലസ്രോതസ്സുകളേയും പുനരുജ്ജീവിപ്പിച്ച് ടൂറിസം, കാർഷിക മാതൃകകൾ സൃഷ്ടിക്കും.
- കടൽതീരത്തെ മാലിന്യമുക്തമാക്കി സുസ്ഥിരമായി നിലനിർത്തുന്നതിനായി പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കും.

## കൃഷി, പരിസ്ഥിതി പുന:സ്ഥാപനം

- നഗരകൃഷി പ്രോത്സാഹിപ്പിക്കും. റസിഡന്റ് അസോസിയേഷൻ സഹായത്തോടെ ടെറസ്സ്-മുറ്റം കൃഷി പ്രോത്സാഹിപ്പിക്കുക, ഇവിടെ ഗാർഹിക മാലിന്യ കമ്പോസ്റ്റിംഗും നഗര കൃഷിയേയും സംയോജിപ്പിക്കും. കെട്ടിട സമുച്ചയങ്ങളിൽ മലിനജലം പുനഃചംക്രമണം നടത്തി പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തും.
- പരിസ്ഥിതി സംരക്ഷിത കാർഷിക വികസനം എന്ന ലക്ഷ്യം കൈവരിക്കാനായി തരിശ് ഭൂമി വിനിയോഗത്തിൽ ഊന്നൽ നൽകികൊണ്ട് നെൽകൃഷി, മറ്റു ധാന്യവിളകൾ ഉൾപ്പെടെയുള്ള ഭക്ഷ്യവിളകളുടെ ഉൽപ്പാദനം പരമാവധി വർധിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തും.
- പച്ചക്കറി ഉൽപ്പാദനത്തിൽ മുന്നേറ്റമുണ്ടാക്കിയതിന്റെ തുടർച്ചയായി സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോട് കൂടി വീടുകളിലും, സ്ഥാപനങ്ങളിലും പച്ചക്കറികൃഷി വ്യാപിപ്പിക്കുക.കേരളത്തിന്റെ തനതായ ഫലവർഗ്ഗങ്ങളുടെ വിസ്തൃതി വ്യാപിപ്പിച്ച് പരമാവധി ഉൽപ്പാദനം സാധ്യമാക്കും.
- ചെറുധാന്യങ്ങളുടെയും എണ്ണക്കുരുക്കളുടെയും കൃഷി വ്യാപിപ്പിക്കുക, കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്താനായി സംയോജിത കൃഷി സമ്പ്രദായം വ്യാപിപ്പിക്കുക, ഔഷധ കൃഷി പ്രോത്സാഹനത്തിനായി സാദ്ധ്യമായ സ്ഥലങ്ങളിൽ ഔഷധ കൃഷി സമ്പ്രദായം നടപ്പാക്കും.

- സംസ്ഥാനത്തിന്റെ നഗരവൽക്കരണ സ്വഭാവത്തിനനുസൃതമായി ആധുനിക കൃത്യതാ കൃഷി സമ്പ്രദായങ്ങളും ലംബകൃഷി സംവിധാനങ്ങളും ഉൾപ്പെടെയുള്ള ദ്വിതീയ കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക. ഇതിലൂടെ അഭ്യസ്തവിദ്യർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
- സുരക്ഷിത ഭക്ഷ്യ ഉൽപ്പാദനത്തിനുവേണ്ടി ജൈവകൃഷി ഉൾപ്പെടെയുള്ള പരിസ്ഥിതി സൗഹൃദ ഭക്ഷ്യ ഉൽപ്പാദനവും ആരോഗ്യ സൗഹൃദ ഭക്ഷ്യ സംസ്കരണവും സംഭരണവും വിതരണവും ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിനും പുതിയ കാർഷിക മൂല്യ ശൃംഖല ശക്തിപ്പെടുത്തും.
- നെറ്റ് സീറോ കേരളം എന്ന ലക്ഷ്യത്തിലേക്ക് വിവിധ വകുപ്പുകളേയും ഏജൻസികളേയും സന്നദ്ധ സംഘടനകളേയും സ്ഥാപനങ്ങളേയും ഏകോപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ. നിലവിലുള്ള പച്ചത്തുരുത്തുകളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനും വേണ്ട നടപടികൾ, പുതിയതായി കണ്ടൽക്കാടുകളും മുളക്കൂട്ടങ്ങളും പുഴയോര സ്വാഭാവിക സസ്യജാലങ്ങളും ഉൾപ്പെടെ കൂടുതൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കും.
- കാർഷിക മേഖലയിൽ വിവിധ ഘടകങ്ങളായ ഭക്ഷ്യ ഉൽപ്പാദനം,



സംഭരണവും വിപണനവും, മൂല്യവർധനവ്, ഫാം ടൂറിസം എന്നീ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് വരുമാന വർധനവിനും വിവിധ പദ്ധതികൾ, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കും.

- കാർഷിക ആവാസ യൂണിറ്റുകളിൽ നീർത്തട അടിസ്ഥാനത്തിൽ പ്രാദേശിക വിഭവങ്ങളുടെ ലഭ്യതക്കനുസൃതമായി ധാന്യവിളകളുടേയും പച്ചക്കറിയുടേയും ഫലവർഗ്ഗങ്ങളുടേയും ഔഷധ സസ്യങ്ങൾ, എണ്ണക്കുരുവിളകളുടേയും കാർഷിക വനവൽക്കരണത്തിന്റേയും

മാതൃക പദ്ധതികൾ ആവിഷ്കരിക്കും.

- കട്ടമുടി, പെട്ടിമുടി, മൈനഗപ്പള്ളി മാതൃകയിൽ തരിശ് സ്ഥലങ്ങൾ കണ്ടെത്തി ഏകോപനത്തിലൂടെ കൃഷി തിരിച്ചുകൊണ്ടുവരും. ഇവിടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കും.
- വനമേഖലയിൽ യു.എൻ.ഡി.പി പ്രവർത്തന മാതൃകയിൽ വനം വകുപ്പുമായി ചേർന്ന് പുൽമേടുകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് ഷോല വനങ്ങൾ സംരക്ഷിക്കും.

## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

- നിലവിൽ 151 ഗ്രാമപഞ്ചായത്തുകളിലും, ഒരു മുനിസിപ്പാലിറ്റിയിലും നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ നടന്നുവരുന്നു. ഇത് തുടരുന്നതോടൊപ്പം താൽപര്യമുള്ള പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ശക്തമാക്കും.
- ഉൾനാടൻ ജലഗതാഗത മേഖലയിൽ കോവളം കേന്ദ്രീകരിച്ച പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കും.
- തരിശുരഹിത ഗ്രാമം, ഹരിത സമൃദ്ധി വാർഡ് പരിപാടി കൂടുതൽ സ്ഥായിയായ രീതിയിൽ നടപ്പാക്കി കാർബൺ ഉൽസർജനം കുറക്കും.
- കണ്ണൂർ സെൻട്രൽ ജയിൽ മാതൃകയിൽ വലിയ സ്ഥാപനങ്ങളിൽ പ്രത്യേക ഇടപെടൽ നടത്തി നെറ്റ് സീറോ സ്ഥാപനമാക്കും.

## ഹരിതകേരളം മിഷൻ

വെബ്സൈറ്റ് : www.haritham.kerala.gov.in

Email : harithakeralmgok@gmail.com

ഫോൺ : 0471-2449938, 2449939

| | | |
|---|---|---|
| **ഡോ. ടി.എൻ. സീമ**<br>എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ | 9188120300<br>tnseema@gmail.com | 9447077556 |
| **ഇന്ദു എസ്.**<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 9188120302<br>aonkp23@gmail.com | 9446456435 |
| **പ്രദീപ് ടി.പി.**<br>അക്കൗണ്ട്സ് ഓഫീസർ | pradeepthekkemuriyil@gmail.com | 9446177631 |
| **ടി.പി. സുധാകരൻ**<br>അസിസ്റ്റന്റ് കോർഡിനേറ്റർ നവകേരളം കർമപദ്ധതി | 9188120307<br>tpsharithakeralam@gmail.com | 9895029009 |
| **എബ്രഹാം കോശി**<br>അസിസ്റ്റന്റ് കോർഡിനേറ്റർ ഹരിതകേരളം മിഷൻ | 9188120308<br>abrahamkoshy@hotmail.com | 9447388184 |
| **എസ്.യു. സഞ്ജീവ്**<br>അസിസ്റ്റന്റ് കോർഡിനേറ്റർ<br>(കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം) | 9188120305<br>sanjeevsu106@gmail.com | 9387801694 |
| **ഹരിപ്രിയ ദേവി വി.വി.**<br>അസിസ്റ്റന്റ് കോർഡിനേറ്റർ<br>(മാലിന്യ സംസ്കരണം) | haripriyaagri@yahoo.com | 9447008982 |
| **വി. രാജേന്ദ്രൻ നായർ**<br>പ്രോഗ്രാം ഓഫീസർ (ശേഷി വികസനം, ഏകോപനം) | 9188120310<br>rajisakhav@gmail.com | 9446104370 |
| **ജി. കൃഷ്ണകുമാർ**<br>പ്രോഗ്രാം ഓഫീസർ (കൃഷി, പരിസ്ഥിതി പുനസ്ഥാപനം) | 7012907426<br>krishnastro@gmail.com | 9447340784 |
| **സതീഷ് ആർ.വി**<br>പ്രോഗ്രാം ഓഫീസർ (ജലവിഭവം) | 9188120311<br>satheeshkcni@gmail.com | 9495244544 |

| | | |
|---|---|---|
| **പി. അജയകുമാർ**<br>പ്രോഗ്രാം ഓഫീസർ<br>(മാലിന്യ സംസ്കരണം) | 9188120306<br>ajayanhi@gmail.com | 9447221655 |
| **സുരേഷ് യു.**<br>പ്രോഗ്രാം ഓഫീസർ<br>(റീ ബിൽഡ് കേരള ഇനിഷ്യേറ്റിവ്) | usureshaji@gmail.com | 9995460226 |
| **മനോജ് ബി.**<br>പബ്ലിക് റിലേഷൻസ് ഓഫീസർ | 9895882812<br>manojsarga@gmail.com | 9447587632 |
| **റോജ സി.**<br>സി.എ. ടു കോർഡിനേറ്റർ | rojasudhan@gmail.com | 9400766571 |
| **ലിജി മേരി ജോർജ്**<br>പ്രോജക്ട് കോർഡിനേറ്റർ | lijisajeer@gmail.com | 9496100303 |
| **പ്രഭാകരൻ നായർ ബി.**<br>അക്കൗണ്ട്സ് വിഭാഗം | mekkathil@gmail.com | 9497852459 |
| **ഷിജി എസ്.ജെ.**<br>അഡ്മിനിസ്ട്രേഷൻ വിഭാഗം | shijihkm2018@gmail.com | 9188120314 |

## ജില്ലാ മിഷൻ കോർഡിനേറ്റർമാർ

| | | | |
|---|---|---|---|
| തിരുവനന്തപുരം | സി. അശോക് | navakeralatvpm001@gmail.com | 9446070551 |
| കൊല്ലം | എസ്. ഐസക് | harithakeralamissionklm@gmail.com | 9447721737 |
| പത്തനംതിട്ട | ജി. അനിൽകുമാർ | harithakeralamissionpta@gmail.com | 9447027934 |
| ആലപ്പുഴ | കെ.എസ്. രാജേഷ് | nkpalpy1@gmail.com | 9497676809 |
| കോട്ടയം | ഷൈൻ എൻ.എസ് | hkmkottayam@gmail.com | 9446365864 |
| ഇടുക്കി | അജയ് പി. കൃഷ്ണ | navakeralam2idukki@gmail.com | 9446092612 |
| എറണാകുളം | രഞ്ജിനി എസ്. | hkmernakulam@gmail.com, | 9895897132 |
| തൃശൂർ | ദിദിക സി. | hkmthrissur@gmail.com | 9496217532 |
| പാലക്കാട് | സെയ്തലവി പി. | hkmpgt@gmail.com | 8589885889 |
| മലപ്പുറം | ഡോ. സീമ പി. | hkmmalapuram@gmail.com | 9497660064 |
| കോഴിക്കോട് | ഷാജി എം. സ്റ്റീഫൻ | hkmkozhikode@gmail.com | 9447848511 |
| വയനാട് | ഇ. സുരേഷ്ബാബു | hkmwayanad@gmail.com | 9495031023 |
| കണ്ണൂർ | ഇ.കെ. സോമശേഖരൻ | nkpknr@gmail.com | 9744333345 |
| കാസർഗോഡ് | കെ. ബാലകൃഷ്ണൻ | navakeralamksd@gmail.com | 9446088056 |